2017 September
Vol. X. Issue 7

# Flame of Revival

POST BOX 21,
TIRUVALLA, KERALA
689103
for Private Circulation only

''സൈന്യത്താലല്ല; ശക്തിയാലുമല്ല, എന്റെ ആത്മാവിനാലത്രേ എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു''.സെഖര്യാവ് 4:6



## ഒക്ടോബർ 2 തിങ്കൾ ദേശീയ പ്രാർത്ഥനാ ദിനം

### പ്രാർത്ഥന വൈകുന്നേരം 4 മണി മുതൽ 8 വരെ

തിരുവല്ല: ക്രൈസ്തവ സഭാവിഭാഗങ്ങൾ സംയുക്തമായി പ്രാർത്ഥനയ്ക്കായി രാജ്യത്ത് രൂപീകരിച്ച യു.സി.പി.ഐയുടെ (യുണൈറ്റഡ് ക്രിസ്ത്യൻ പ്രെയർ ഫോർ ഇൻഡ്യ) നേതൃത്വത്തിൽ ഒക്ടോബർ 2 തിങ്കളാഴ്ച രാജ്യവ്യാപകമായ പ്രാർത്ഥന നടത്തപ്പെടും. രാജ്യത്തിന്റെ ഓരോ ജില്ലകളിലും താലൂക്കുകളിലും വൈകുന്നേരം നാലുമണി മുതൽ എട്ടുമണിവരെയാണ് പ്രാർത്ഥന നടത്തപ്പെടുന്നത്. 2013-ൽ നടന്ന യു.സി.പി.ഐയുടെ ദേശീയ സമ്മേളനത്തിൽവെച്ചാണ് കത്തോലിക്ക-പ്രൊട്ടസ്റ്റന്റ്-പെന്തക്കോസ്ത് സഭാ മേലധ്യക്ഷന്മാർ സംയുക്തമായി എല്ലാവർഷവും ഒക്ടോബർ 2 ദേശീയ പ്രാർത്ഥനാ ദിനമായി വേർതിരിക്കുവാൻ തീരുമാനിച്ചത്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ അന്ന് പ്രാർത്ഥന നടത്തപ്പെടും. പ്രത്യേകം തയ്യാറാക്കപ്പെട്ട വിവിധ വിഷയങ്ങൾക്കായി ഭാരതരാജ്യത്തിലെ ക്രൈസ്തവ സഭ സംയുക്തമായി പ്രാർത്ഥിക്കും. പൊതുസ്ഥലങ്ങൾ, കമ്മ്യൂണിറ്റി ഹാളുകൾ, മൈതാനങ്ങൾ, സഭാഹാളുകൾ എന്നിവിടങ്ങളാണ് പ്രാർത്ഥനയ്ക്കായി വേർതിരിച്ചിരിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക്: 9447806184, 9495521752

## രാജ്യത്തെ 709 ജില്ലകളിൽ നവംബർ 1 ബുധനാഴ്ച

# ഗിദയോൻ പ്രെയർ

### ഒരേസമയം ഒരേവിഷയങ്ങൾക്കായി സഭാഭേദമെന്യേ നടത്തപ്പെടുന്ന പ്രാർത്ഥന

തിരുവല്ല. രാജ്യത്തിന്റെ 709 ജില്ലകളിലും കേന്ദ്രഭരണപ്രദേശങ്ങളിലും ഒരേസമയത്ത് ഒരേവിഷയങ്ങൾക്കായി പ്രാർത്ഥിക്കുന്ന ഗിദയോൻ പ്രെയർ നവംബർ ഒന്നിന് രാജ്യത്തിന്റെ വിവിധ പട്ടണങ്ങളിലും ഗ്രാമങ്ങളിലും രാവിലെ 9 മുതൽ രാത്രി 9 വരെ നടത്തപ്പെടും. പ്രാർത്ഥനയ്ക്കായുള്ള വിപുലമായ ക്രമീകരണങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. 2017 ഏപ്രിൽ മാസം ഗിദയോൻ പ്രെയറിന്റെ ഒന്നാമത്തെ പ്രാർത്ഥന രാജ്യത്തിന്റെ 30 പട്ടണങ്ങളിൽ നടക്കുകയുണ്ടായി. ആ പ്രാർത്ഥനയിൽ മുന്നൂറിലധികം പ്രെയർ വാരിയേഴ്സ് മുപ്പതു ടീമുകളായി കേരളത്തിലെ വിവിധ ജില്ലകളിൽനിന്നും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് കടന്നുപോവുകയുണ്ടായി.

ബൈബിളിലെ ന്യായാധിപന്മാരുടെ പുസ്തകത്തിൽ മിദ്യാന്യപാളയത്തിനെതിരെ സർവ്വശക്തനായ ദൈവത്തിന്റെ വാക്കുകൾകേട്ട് ഗിദയോനും കൂട്ടരും യുദ്ധം ചെയ്തതുപോലെ അന്ധകാരശക്തികൾക്കെതിരെ പ്രാർത്ഥനയിൽ അടരാടുവാൻ ദൈവജനത്തെ സജ്ജമാക്കുന്ന പ്രാർത്ഥനയാണ് ഗിദെയോൻ പ്രെയർ. കയ്യിൽ വെറും മൺകുടവും കാഹളവും പന്തവുംമാത്രം പിടിച്ചുകൊണ്ട് ദൈവത്തിന്റെ വാക്കുകൾ കേട്ട് ഗിദയോനും കൂട്ടരും നടത്തിയ മുന്നേറ്റംപോലെ പ്രാർത്ഥനയിൽ ഒറ്റക്കെട്ടായി മുന്നേറുവാനാണ് രാജ്യത്തെ ദൈവജനം തയ്യാറാകുന്നത്.

ഗിദയോൻ പ്രാർത്ഥനയുടെ ആദ്യഘട്ടത്തിൽ പ്രാർത്ഥനയ്ക്ക് കേരളത്തിൽ നിന്നുള്ള പ്രാർത്ഥനാടീമുകളായിരുന്നു രാജ്യത്തിന്റെ 30 പട്ടണങ്ങളിലേക്ക് കടന്നുപോയത്. ഭാരതത്തിലെ അതിർത്തി പട്ടണങ്ങളിലും രാജ്യത്തെ പ്രമുഖസ്ഥലങ്ങളിലും അന്നു പ്രാർത്ഥന നടത്തപ്പെട്ടു. എന്നാൽ ഗിദയോൻ പ്രാർത്ഥനയുടെ രണ്ടാംഘട്ടത്തിൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള വിവിധ ഭാഷക്കാരായ ദൈവജനം പ്രാർത്ഥനയ്ക്കായി ഇതര ജില്ലകളിലേക്ക് കടന്നുപോവുകയാണ്.

രാവിലെ 9 മണിക്ക് തുടങ്ങുന്ന പ്രാർത്ഥന രാത്രി 9 മണിക്ക് അവസാനിക്കും. ഒരേ സമയം ഒരേ വിധത്തിലാണ് പ്രാർത്ഥന എല്ലായിടങ്ങളിലും നടക്കുക. പ്രത്യേകം തയ്യാറാക്കിയ പ്രാർത്ഥനാ വിഷയങ്ങൾ അടങ്ങിയ പ്രാർത്ഥനാബുക്ക് രാജ്യത്തെ എട്ടു ഭാഷകളിൽ ലഭ്യമാണ്. രാജ്യത്തെ ഓരോ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണപ്രദേശങ്ങൾക്കും ലോകരാജ്യങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കും. പതിനായിരക്കണക്കിനു പ്രാർത്ഥനാ അംഗങ്ങൾ ഈ പ്രാർത്ഥനയിൽ സംയുക്തമായി പങ്കുചേരും.

2017 ഏപ്രിൽ 27-നു നടന്ന പ്രാർത്ഥനയിൽ പ്രാർത്ഥനാ ടീമുകളിലെ പ്രെയർ ലീഡേഴ്സ് ആയിരുന്നു പ്രാർത്ഥനയ്ക്കായി കടന്നുപോയത്. ഏപ്രിൽ 26-നു രാജ്യത്തിന്റെ 30 പട്ടണങ്ങളിൽ പ്രെയർവോക്കു നടത്തിയതിനു ശേഷമായിരുന്നു അടുത്ത ദിവസത്തെ പ്രാർത്ഥന. രാവിലെ 8 മുതൽ വൈകുന്നേരം 6 വരെയായിരുന്നു അന്നു പ്രാർത്ഥന നടത്തപ്പെട്ടത്. എന്നാൽ പ്രാർത്ഥനയുടെ രണ്ടാംഘട്ടത്തിൽ പ്രാർത്ഥിച്ചാൽ ദൈവം പ്രവർത്തിക്കുമെന്ന് ഉറപ്പോടെ വിശ്വസിക്കുന്ന ദൈവമക്കളെല്ലാം പങ്കുചേരുമെന്നത് ഗിദയോൻ പ്രെയർ രണ്ടാംഘട്ടത്തിന്റെ ഒരു പ്രത്യേകതയാണ്. വിവിധ ക്രൈസ്തവ സഭാവിഭാഗങ്ങളിൽപ്പെട്ട രക്ഷിക്കപ്പെട്ട ദൈവജനം ഒത്തൊരുമിച്ചുള്ള പ്രാർത്ഥനയാണിത്. ഒരു പ്രത്യേകം സഭാവിഭാഗത്തിന്റേതായ പ്രാർത്ഥനയല്ലിത്. രാജ്യത്തിന്റെ വിവിധ സംസ്ഥാനങ്ങളിൽ ദൈവസഭ ഒറ്റകെട്ടായി പ്രാർത്ഥനയ്ക്കായുള്ള തയ്യാറെടുപ്പുകൾ നടത്തുന്നു.

ഭാരതത്തിലെ നാലു ദിക്കിലും ചിതറിക്കിടക്കുന്ന ദൈവജനത്തെ ഏകമനസ്സോടെ പ്രാർത്ഥനയിൽ രാജ്യത്തെ വലയം ചെയ്യുവാൻ സജ്ജമാക്കുന്ന ഗിദയോൻ പ്രെയർ രാജ്യമെങ്ങും ആവേശത്തോടെ ദൈവമക്കൾ ഏറ്റെടുക്കുകയാണ്. പ്രാർത്ഥനാ തല്പ്പരരായ സഭകളും സംഘടനകളും സംയുക്തമായി പ്രാർത്ഥനയ്ക്ക് വേണ്ടതായ ക്രമീകരണങ്ങൾ അതതു ജില്ലകളിൽ നടത്തുന്നു. പ്രാർത്ഥനയുടെ സാമ്പത്തിക കാര്യങ്ങളും അതതു സ്ഥലങ്ങളിലെ ദൈവജനം സ്വയമായി നിർവ്വഹിക്കുമെന്നതും പ്രാർത്ഥനയുടെ പ്രത്യേകതയാണ്.

ഗിദയോൻ പ്രാർത്ഥനാ രാജ്യത്തിന്റെ വിവിധ പട്ടണങ്ങളിലും ഗ്രാമങ്ങളിലും നടക്കുമ്പോൾ തന്നെ അന്നേദിനം ഭാരതത്തിനായി പ്രാർത്ഥിക്കുവാൻ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും ദൈവസഭ സമയം വേർതിരിക്കും. ഗിദയോൻ പ്രെയറിന്റെ ആദ്യഘട്ടത്തിലും ലോകത്തിന്റെ വിവിധയിടങ്ങളിൽ ഭാരതത്തിനായി പ്രാർത്ഥിക്കുവാൻ ദൈവജനം ഒന്നിച്ചുകൂടിയിരുന്നു.

ചെയിൻ പ്രെയറായി ഭാരതത്തെ വലയംചെയ്തു പ്രാർത്ഥിക്കുവാൻ അതാതു സ്ഥലങ്ങളിൽ ചെറുഗ്രൂപ്പുകളായി ഈ പ്രാർത്ഥനാ പോരാട്ടത്തിൽ കൈകോർക്കാവുന്നതാണ്. പ്രാർത്ഥനാ വിഷയങ്ങൾക്കും കൂടുതൽ വിവരങ്ങൾക്കും ബന്ധപ്പെടേണ്ട നമ്പറുകൾ: 7012095677, 9447806184, 9447060061




**ഭാരതത്തിന്റെ നാലു ദിക്കുകളിലും ഗിദയോൻ പ്രാർത്ഥനയ്ക്കായി ഒരുക്കങ്ങൾ നടക്കുകയാണ്**

**രാവിലെ 9 മുതൽ രാത്രി 9 വരെയാണ് ഗിദയോൻ പ്രാർത്ഥന**

**ഒരു പ്രത്യേക സഭാവിഭാഗത്തിന്റേയോ സംഘടനയുടേയോ പ്രാർത്ഥനയല്ലിത്**

**പ്രാർത്ഥന പട്ടണങ്ങളിലും ഗ്രാമങ്ങളിലും**


*September 2017*

**24 x 7 x 365**

## എഡിറ്റോറിയൽ

# രാജ്യത്ത് നിരന്തരമായ പ്രാർത്ഥന ഉയരട്ടെ!

ആദ്യനൂറ്റാണ്ടുമുതൽ ക്രൈസ്തവസഭയുടെ പ്രധാന ആയുധമാണ് പ്രാർത്ഥന. സഭയ്ക്കെതിരെ സാത്താന്യശക്തികൾ നടത്തുന്ന ഓരോ നീക്കങ്ങളും പ്രാർത്ഥനയാൽ നിഷ്ഫലമായിക്കൊണ്ടിരിക്കുന്ന അത്ഭുതസംഭവങ്ങൾ നാം കണ്ടുകൊണ്ടിരിക്കുന്നു. ഒരു മനസ്സോടുകൂടിയുള്ള പ്രാർത്ഥന എത്ര അസാദ്ധ്യവിഷയങ്ങളേയും സാദ്ധ്യമാക്കുന്നു. ദൈവസഭയ്ക്കെതിരെ രാജ്യമെങ്ങും ഉയർന്നുകൊണ്ടിരിക്കുന്ന വെല്ലുവിളികൾകണ്ട് പകച്ചു നിൽക്കാതെ പ്രാർത്ഥനയ്ക്കായി അടരാടുവാൻ ഓരോ ദൈവപൈതലും തയ്യാറാകേണ്ട സമയമാണിത്. ദൈവനീതിക്കും വിശുദ്ധിക്കും വിരുദ്ധമായി രാജ്യത്ത് ഉയർന്നുകൊണ്ടിരിക്കുന്ന എല്ലാ സാത്താന്യകോട്ടയേയും തകർക്കുവാൻ പ്രാർത്ഥന ഒരു വലിയ ആയുധമാണ്. "മിദ്യാന്യരും അമാലേക്യരും കിഴക്കു ദേശക്കാരൊക്കെയും വെട്ടുക്കിളി എന്നപോലെ അസംഖ്യമായി താഴ്വരയിൽ കിടന്നിരുന്ന വേളയിൽ അവരുടെ ഒട്ടകങ്ങൾ കടൽക്കരയിലെ മണൽപ്പോലെ അസംഖ്യമായിരുന്നു"(ന്യായ.7:12) ലോകം നോക്കുമ്പോൾ ദൈവജനത്തിനെതിരെ അണിനിരന്നവരുടെ സംഖ്യ അസംഖ്യം തന്നെയായിരുന്നു. എന്നാൽ ഇത്ര മാത്രം പെരുത്ത പടകൂട്ടത്തെ ചിന്നഭിന്നമാക്കുവാൻ ഗിദയോനും തന്നോടൊപ്പം അണിനിരന്ന മുന്നൂറുപേർക്കും ദൈവത്തിൽ പരിപൂർണമായി ആശ്രയിച്ചുകൊണ്ടുള്ള മുന്നേറ്റത്തിനു കഴിഞ്ഞു.



ക്രൈസ്തവസഭയുടെ വിവിധ പ്രവർത്തനങ്ങൾക്ക് വിലക്ക് വെയ്ക്കുന്നവിധത്തിലുള്ള ഒട്ടനവധി പുത്തൻ നിയമങ്ങൾ രാജ്യത്ത് എഴുതപ്പെട്ടുകഴിഞ്ഞു. ഈ പുതിയനിയമങ്ങൾ ബാലഭവനുകൾ, ആതുരാലയങ്ങൾ തുടങ്ങിയുള്ള ക്രൈസ്തവരുടെ വിവിധപ്രവർത്തനങ്ങൾക്ക് ഏറെ വെല്ലുവിളി ഉയർത്തിയിരിക്കുകയാണ്. രാജ്യത്തെ മിഷനറിപ്രവർത്തനങ്ങൾ ഏതുവിധത്തിലും നിറുത്തലാക്കുക എന്ന ലക്ഷ്യം ക്രിസ്തുവിരോധികൾ പരസ്യമായി പ്രസ്താവിക്കുന്നു. ഇത്തരുണത്തിൽ ദൈവജനം പ്രാർത്ഥനയാൽ രാജ്യത്തെ വലയം ചെയ്യേണ്ടത് ഏറെ അനിവാര്യമായിരിക്കുന്നു. 24 X 7 X 365 എന്നവിധത്തിൽ രാജ്യമെങ്ങും പ്രാർത്ഥനാചങ്ങല എത്രയും വേഗം ഉയരുവാൻ ഇടയാകട്ടെ. അങ്ങനെ പ്രാർത്ഥന യുടെ ഒരു വൻമുന്നേറ്റം ഉണ്ടായാൽ ഭാരതരാജ്യം ദൈവസ്നേഹത്തിലേക്ക് ആകർഷിക്കപ്പെടും. ജീവനുള്ള ദൈവത്തിന് എതിരായി രാജ്യത്ത് ഇന്നു നിലനിൽക്കുന്നതെല്ലാം എന്നെന്നേക്കുമായി തുടച്ചുമാറ്റപ്പെടും. രാജ്യത്തിന്റെ ഓരോ പട്ടണത്തിലും ഗ്രാമത്തിലും സർവ്വശക്തനായ ദൈവത്തിന്റെ അത്ഭുത ഇടപെടൽ ഉണ്ടാകും. ക്രിസ്തുയേശു ക്രിസ്ത്യാനിയുടെ മാത്രം ദൈവമല്ലെന്നും മുഴുവൻ മാനവവർഗ്ഗത്തിന്റേയും പാപവിമോചനത്തിനായി ക്രൂശിതനായെന്നുള്ള സുവിശേഷ സന്ദേശം ജനമെല്ലാം ഏറ്റെടുക്കും.

രാജ്യത്തിന്റെ നന്മയ്ക്കായി ക്രൈസ്തവസമൂഹം ചെയ്യുന്ന പ്രവർത്തനങ്ങൾ തടയപ്പെടുന്നത് രാജ്യത്തിന്റെ ഭാവിയെ സാരമായി ബാധിക്കുന്ന വിഷയമാണ്. തകർക്കാനും നശിപ്പിപ്പാനും മുടിപ്പാനും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പിശാചിന്റെ പ്രവൃത്തിയാണ് ഇതിന്റെ പിന്നിൽ. തോക്കുകൊണ്ട് വെടിവെച്ചാൽ ഇതിനുപരിഹാരമാവില്ല. വാളെടുത്ത് രക്തചൊരിച്ചിൽ നടത്തിയാലും ചാവേറുകളായി പൊട്ടിത്തെറിച്ചാലും അതിനു പരിഹാരമാവില്ല. ഇതൊന്നും ക്രൈസ്തവസഭയുടെ ആയുധവുമല്ല. അതിനുപരിഹാരം വരണമെങ്കിൽ രാജ്യം ദൈവജനത്തിന്റെ പ്രാർത്ഥനയാൽ വലയം ചെയ്യപ്പെടണം. അത്തരത്തിലുള്ള പ്രാർത്ഥനാചങ്ങലയുടെ ഒരു കണ്ണിയായി നമുക്കും മാറാം.

**സാജൻ പോൾ**




# അന്ത്യത്തിലേക്ക് അതിവേഗം

## ഹൈഡ്രജൻ ബോംബുമായി ഉത്തരകൊറിയ

ഒരു ലോകയുദ്ധത്തിലേക്ക് ആക്കംകൂട്ടുന്ന പ്രകോപനപരമായ സംഭവങ്ങളാണ് ഉത്തരകൊറിയ ചെയ്തുകൊണ്ടിരിക്കുന്നത്. പതിനായിരത്തിലേറെ കിലോമീറ്ററുകൾ താണ്ടാൻ ശക്തിയുള്ള ഭൂഖണ്ഡാന്തര ബാലിസ്റ്റിക് മിസൈൽ അവർ പരീക്ഷിച്ചു കഴിഞ്ഞു. രണ്ടാം ലോകയുദ്ധത്തിൽ ഹിരോഷിമയിൽ വർഷിച്ച അണുബോംബുകളേക്കാൾ ഏഴിരട്ടി സംഹാരശേഷിയുള്ള ഹൈഡ്രജൻ ബോംബ് ഉത്തര കൊറിയ പരീക്ഷിച്ചു. ഐക്യരാഷ്ട്ര സംഘടനയുടേയും ലോകരാജ്യങ്ങളുടെയും ഉപരോധങ്ങളും താക്കീതും നേരിടുമ്പോഴാണ് ഉത്തരകൊറിയയുടെ ഈ പരീക്ഷണം. ഹൈഡ്രജൻ ബോംബ് പരീക്ഷണം ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ഭൂകമ്പ മാപിനികളിൽ 6.3 തീവ്രതരേഖപ്പെടുത്തുകയുണ്ടായി. ഉപരോധങ്ങൾ വകവെയ്ക്കാതെ ലോകരാജ്യങ്ങൾക്ക് യുദ്ധഭീഷണി ഉയർത്തി ഉത്തരകൊറിയയുടെ സ്വേച്ഛാധിപതിയായ കിങ് ജോൺ മുന്നേറുകയാണ്. ജപ്പാനെ കടലിൽ മുക്കുമെന്നും അമേരിക്കയെ ചാമ്പലാക്കുമെന്നുമാണ് അയാളുടെ ഭീഷണി. ഏതായാലും ലോകം അതിന്റെ അന്ത്യത്തിലേക്ക് അതിവേഗം സഞ്ചരിക്കുകയാണ്. "ആകാശം കൊടുമുഴക്കത്തോടെ ഒഴിഞ്ഞുപോകും; മൂലപദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകുകയും ചെയ്യു"മെന്നുള്ള (2 പത്രോ. 3:10) ദൈവവചനത്തിന്റെ നിവർത്തീകരണം ലോകത്ത് സംഭവിക്കുകതന്നെ ചെയ്യും.

**Flame of Revival**

2.ദിനവൃത്താന്തം 7:14 പ്രകാരം ദൈവജനം ഒരുങ്ങുന്നതിലൂടെ പൊട്ടിപ്പുറപ്പെടുന്ന ഒരു യഥാർത്ഥ ആത്മിക ഉണർവ്വ് എന്ന ലക്ഷ്യവുമായി 2008 മാർച്ച് മുതൽ 'ഫ്ളെയിം ഓഫ് റിവൈവൽ' പ്രസിദ്ധീകരിക്കുന്നു. ലോകം മുഴുവൻ ഉണ്ടായ ഉണർവ്വിന്റെ വാർത്തകളും ചരിത്രസംഭവങ്ങളും ദൈവവചനവും ദൈവജനത്തിലേക്ക് എത്തിക്കുക, അതു സഭാഭേദമെന്യേയുള്ള ഒരു ആത്മിക ഉണർവ്വിനു മുഖാന്തരം ആകുക, ദൈവമക്കൾ ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനായി ഒരുങ്ങുക ഇവ നമ്മുടെ ലക്ഷ്യങ്ങളാണ്. ഒരു പ്രത്യേക സഭാ വിഭാഗത്തിന്റേതല്ല ഫ്ളെയിം ഓഫ് റിവൈവൽ. യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട വിവിധ സഭാ വിഭാഗങ്ങളിൽപ്പെട്ട ദൈവമക്കൾ ഇതിനു പിന്നിൽ പ്രവർത്തിക്കുന്നു. ആത്മിക ഉണർവ്വിനായി ആഗ്രഹിക്കുന്ന കേരളത്തിലെ ദൈവമക്കൾ നൽകുന്ന സംഭാവന മാത്രമാണ് ഇതിന്റെ പിന്നിലെ സാമ്പത്തികസ്രോതസ്. മറ്റു പ്രസ്ഥാനങ്ങളോ വിദേശീയരോ ഇതിനു പിന്നിൽ ഇല്ല.

**Flame of Revival**, PB.21, Kuttapuzha.PO, Tiruvalla 689 103
**Call: 0469 2741694, 9446115977, 9447472692, 9447104670, 9446755390, 9447958442, 9400268723**
Printed and Published by Sajan Paul, Crown of Life Ministries (Reg:100/2009/IV/TVLA) Puthenparambil buildings, Kuttapuzha.PO,Tiruvalla, Kerala 689103 Printed at Rakshtra Deepika Press,Kottayam

FOR PRIVATE CIRCULATION ONLY
അനുവാദമില്ലാതെ മാറ്ററുകൾ പുനഃപ്രസിദ്ധീകരണം ചെയ്യുവാൻ പാടുള്ളതല്ല

## The Bible Says...

### അന്ത്യകാലത്ത് സംഭവിക്കുന്നത്

"അന്ത്യകാലത്ത് ഭക്തികെട്ട മോഹങ്ങളെ അനുസരിച്ചു നടക്കുന്ന പരിഹാസികൾ ഉണ്ടാകും..അവർ ഭിന്നത ഉണ്ടാക്കുന്നവർ,പ്രാകൃതന്മാർ,ആത്മാവില്ലാത്തവർ. നിങ്ങളോ പ്രിയമുള്ളവരേ,നിങ്ങളുടെ അതിവിശുദ്ധ വിശ്വാസത്തെ ആധാരമാക്കി നിങ്ങൾക്കുതന്നേ ആത്മിക വർദ്ധന വരുത്തിയും പരിശുദ്ധാത്മാവിൽ പ്രാർത്ഥിച്ചും നിത്യജീവന്നായിട്ടു നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കരുണയ്ക്കായി കാത്തിരുന്നുംകൊണ്ടു ദൈവസ്നേഹത്തിൽ നിങ്ങളെത്തന്നെ സൂക്ഷിച്ചുകൊൾവിൻ " യൂദാ. വാക്യം 20,21

# ദൈവം പ്രവർത്തിച്ചു ശത്രുക്കൾ ചിതറിപ്പോയി



"യഹോവയ്ക്കും ഗിദയോനും വേണ്ടി വാൾ"

ഗിദയോനും കൂട്ടരും പതിനായിരക്കണക്കിനുവരുന്ന ശത്രുക്കൾക്കെതിരെ യുദ്ധത്തിനായി കടന്നുപോകുമ്പോൾ അവരുടെ പക്കൽ മെഷിൻഗണ്ണോ, മിസൈലുകളോ, പീരങ്കികളോ ഒന്നും ഉണ്ടായിരുന്നില്ല. ദൈവം പറഞ്ഞതുപോലെ ചെയ്തുക്കഴിഞ്ഞപ്പോൾ കാലാൾ യോദ്ധാക്കളുടെ എണ്ണം മുന്നൂറായി കുറഞ്ഞു. എന്നാൽ അവരോടൊപ്പം ജീവനുള്ള ദൈവം ഉണ്ടായിരുന്നുവെന്നതായിരുന്നു വലിയൊരു സവിശേഷത. ദൈവം നിർദ്ദേശിച്ചതുപോലെ ചെറിയൊരുകൂട്ടമായി അവർ യുദ്ധത്തിനായി തയ്യാറായി. "മദ്ധ്യയാമത്തിന്റെ ആരംഭത്തിൽ അവർ കാവൽ മാറിനിർത്തിയ ഉടനെ ഗിദെയോനും കൂടെയുള്ള നൂറുപേരും പാളയത്തിന്റെ അറ്റത്തുഎത്തി കാഹളം ഊതി കയ്യിൽ ഉണ്ടായിരുന്ന കുടങ്ങൾ ഉടച്ചു. മൂന്നുകൂട്ടവും കാഹളം ഊതി കുടങ്ങൾ ഉടച്ചു.ഇടത്തു കയ്യിൽ പന്തവും വലത്തു കയ്യിൽ ഊതുവാൻ കാഹളവും പിടിച്ചു; **"യഹോവയ്ക്കും ഗിദയോനും വേണ്ടി വാൾ"** എന്നു ആർത്തു. അവർ പാളയത്തിന്റെചുറ്റും ഓരോരുത്തൻ താന്താന്റെ നിലയിൽതന്നെ നിന്നു; പാളയമെല്ലാം പാച്ചിൽ തുടങ്ങി; അവർ നിലവിളിച്ചുകൊണ്ട് ഓടിപ്പോയി" (ന്യായാ.7:19.20). ഗിദയോന്റെ ഈ യുദ്ധംപോലെ അന്ധകാരശക്തികൾക്കെതിരെ പ്രാർത്ഥനയെന്ന യുദ്ധത്തിനായി രാജ്യമെങ്ങുമുള്ള ദൈവജനം തയ്യാറാവുകയാണ്. സർവ്വശക്തന്റെ കരം രാജ്യത്ത് വെളിപ്പെടുവാൻ സംയുക്തമായ പ്രാർത്ഥനാ മുന്നേറ്റം കാരണമാകും.

# ആത്യന്തിക വിജയംവരെ പ്രാർത്ഥനയിൽ പോരാടുക

**ഗിദയോനും കൂട്ടരും ചെയ്ത ഏറ്റവും പ്രധാനകാര്യം "പാളയത്തിനുചുറ്റും ഓരോരുത്തൻ താന്താന്റെ നിലയിൽത്തന്നേ നിന്നു" (ന്യായാ.7:21) എന്നുള്ളതാണ്. യിസ്രായേൽ ജനം നിൽക്കേണ്ട നിലയിൽ നിന്നപ്പോൾ "മിദ്യാൻ തല പൊക്കാതെവണ്ണം യിസ്രായേൽ മക്കൾക്ക് കീഴടങ്ങിപ്പോയി (ന്യായ.8:28). ദൈവം ആക്കിയിരിക്കുന്ന സ്ഥാനത്തു ദൈവജനം നിൽക്കുമെങ്കിൽ ഇന്നും ഈ വിധത്തിലുള്ള വിജയം സാദ്ധ്യമാണ്.**

മറ്റേതൊരു കാലഘട്ടത്തേക്കാളും അധികം പ്രാർത്ഥന ആവശ്യമായിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം വന്നിരിക്കുന്നത്. ക്രിസ്തുവിന്റെ വരവ് ഏറ്റവും ആസന്നമായിരിക്കുന്നുവെന്നുള്ളത് ലോകത്തിലെ ആനുകാലിക സംഭവങ്ങൾ വിളിച്ചറിയിച്ചുക്കൊണ്ടിരിക്കുന്നു. ഇവിടെയാണ് പത്രൊസ് അപ്പോസ്തലന്റെ പ്രസ്താവനയുടെ പ്രാധാന്യം നാം മനസ്സിലാക്കേണ്ടത്. "എന്നാൽ എല്ലാറ്റിന്റേയും അവസാനം സമീപിച്ചിരിക്കുന്നു; ആകയാൽ പ്രാർത്ഥനയ്ക്ക് സുബോധമുള്ളവരും നിർമ്മദരുമായിരിപ്പിൻ" (1 പത്രൊ.4:7)

"എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ച് എന്റെ മുഖം അന്വേഷിച്ചു തങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെ വിട്ടുതിരിയുമെങ്കിൽ, ഞാൻ സ്വർഗ്ഗത്തിൽനിന്നുകേട്ട് അവരുടെ പാപം ക്ഷമിച്ചു അവരുടെ ദേശത്തിനു സൗഖ്യം വരുത്തിക്കൊടുക്കും. ഈ സ്ഥലത്തു കഴിക്കുന്ന പ്രാർത്ഥനയ്ക്ക് എന്റെ കണ്ണു തുറന്നിരിക്കുകയും എന്റെ ചെവി ശ്രദ്ധിച്ചിരിക്കുകയും ചെയ്യും" (2. ദിന.7:13,14) എന്നുള്ള ദൈവികവാഗ്ദത്തിൽ ആശ്രയിച്ചുകൊണ്ട് നാം പ്രാർത്ഥിക്കേണം.

എന്താണ് ഗിദയോന്റെ പോരാട്ടത്തിന്റെ പ്രത്യേകത ? യിസ്രായേൽ ജനത്തിന്റെ സ്വാതന്ത്ര്യത്തിനുമേൽ മിദ്യാന്യർ ആധിപത്യം സ്ഥാപിച്ചിരുന്ന കാലത്താണ് ഗിദയോനെ വിമോചകനായി ദൈവം എഴുന്നേൽപ്പിക്കുന്നത്. ദൈവിക നിർദ്ദേശങ്ങൾ അനുസരിക്കുവാൻ ഗിദയോൻ തയ്യാറായപ്പോൾ ആയുധപ്രയോഗം കൂടാതെ മിദ്യാന്യർ തമ്മിൽതല്ലി നിലംപരിശായി ! അതിനായി ഗിദയോനും കൂട്ടരും ചെയ്ത ഏറ്റവും പ്രധാനകാര്യം "പാളയത്തിനുചുറ്റും ഓരോരുത്തൻ താന്താന്റെ നിലയിൽത്തന്നേ നിന്നു" (ന്യായാ.7:21) എന്നുള്ളതാണ്. യിസ്രായേൽ ജനം നിൽക്കേണ്ട നിലയിൽ നിന്നപ്പോൾ "മിദ്യാൻ തല പൊക്കാതെവണ്ണം യിസ്രായേൽ മക്കൾക്ക് കീഴടങ്ങിപ്പോയി (ന്യായ.8:28). ദൈവം ആക്കിയിരിക്കുന്ന സ്ഥാനത്തു ദൈവജനം നിൽക്കുമെങ്കിൽ ഇന്നും ഈ വിധത്തിലുള്ള വിജയം സാദ്ധ്യമാണ്.

തോറ്റുമടങ്ങിയ മിദ്യാന്യരെ യിസ്രായേൽ ജനം പിന്തുടരുന്നതാണ് തുടർന്നു നാം കാണുന്നത്. "യിസ്രായേൽ നഫ്താലിയിൽ നിന്നും അശേരിൽനിന്നും മനെശ്ശെയിൽനിന്നും ഒരുമിച്ചുകൂടി മിദ്യാന്യരെ പിന്തുടർന്നു" (ന്യായ.7:23). നമ്മുടെ ദേശത്തിന്റെ സൗഖ്യവും, ജനതയുടെ രക്ഷയും ആഗ്രഹിക്കുന്ന ദൈവജനം-ഈ രാജ്യത്തിലെ ദൈവമക്കൾ-എല്ലാ മേഖലകളിലും പ്രാർത്ഥനയ്ക്കായി ഒന്നിച്ചു കൂടണം. ഒരുമിച്ചുള്ള പുറപ്പാടിനു മാത്രമേ പിശാചിന്റെ ശക്തികളെ തകർക്കുവാൻ കഴിയൂ. "ദേശത്തെ നശിപ്പിക്കാതവണ്ണം അതിനു മതിൽകെട്ടി ദൈവത്തിന്റെ മുമ്പാകെ ഇടിവിൽ നില്ക്കേണ്ടതിന് ആരെങ്കിലും ഉണ്ടോ എന്ന് ദൈവം നോക്കുന്നു" (യെഹ.22:30).

"നമ്മിൽ ഉള്ളവൻ ലോകത്തിൽ ഉള്ളവനേക്കാൾ വലിയവൻ" (1.യോഹ.4:4) എന്നും "ദൈവവചനം അനുഷ്ഠിക്കുന്നവൻ ശക്തിയുള്ളവൻ എന്നും (യോവേൽ 2:11) ഉറപ്പുള്ളവർ.. ദൈവത്തിന്റെ സർവ്വായുധവർഗം ധരിച്ച് യുദ്ധത്തിനു തയ്യാറായവർ..ആത്യന്തിക വിജയംവരെ പ്രാർത്ഥനയിൽ പോരാടാൻ തയ്യാറായാൽ ദൈവപ്രവർത്തി നാം കാണും നിശ്ചയം. അതുകൊണ്ട് നിരന്തരം പ്രാർത്ഥിക്കാൻ ഒരുക്കപ്പെടാം !

മിദ്യാന്യപാളയത്തിനെതിരെ ഗിദയോനും കൂട്ടരും
ദൈവികവാഗ്ദത്ത പ്രകാരം അണിനിരന്നതുപോലെ

# രാജ്യത്തെ പ്രാർത്ഥനയാൽ



# വലയംചെയ്യുന്നു

"മിദ്യാൻ തല പൊക്കാതെവണ്ണം യിസ്രായേൽ മക്കൾക്ക് കീഴടങ്ങിപ്പോയി" (ന്യായ.8:28)

# "സൈന്യത്താലല്ല; ശക്തിയാലുമല്ല, എന്റെ ആത്മാവിനാലത്രേ എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു".

സെഖര്യാവ് 4:6



സർവ്വശക്തനായ ദൈവത്തിന്റെ പ്രവർത്തനങ്ങളെ തടയാൻ ശ്രമിക്കുന്ന അന്ധകാരശക്തികൾക്കെതിരെ പ്രാർത്ഥനയിൽ അടരാടുവാൻ ദൈവജനം രാജ്യമെങ്ങും ഒന്നിച്ചുകൂടുകയാണ്. ഒക്ടോബർ 2-നും നവംബർ 1-നും രാജ്യവ്യാപകമായ പ്രാർത്ഥന നടത്തപ്പെടും



## 24 x 7 x 365

**പ്രാർത്ഥനയ്ക്ക് രാജ്യമെങ്ങും തുടക്കമിടുന്നു**

പ്രാർത്ഥിപ്പിൻ പ്രാർത്ഥിപ്പിൻ

## ഒക്ടോബർ 2 തിങ്കൾ

## ദേശീയ പ്രാർത്ഥനാ ദിനം

രാജ്യത്തിന്റെ എല്ലാ ജില്ലകളിലും താലൂക്കുകളിലും വൈകുന്നേരം 4 മുതൽ 8 വരെ പ്രാർത്ഥന

## നവംബർ 1 ബുധൻ

## ഗിദയോൻ പ്രെയർ

രാജ്യത്തിന്റെ 709 ജില്ലകളിലെ പട്ടണങ്ങളിലും ഗ്രാമങ്ങളിലും രാവിലെ 9 മുതൽ രാത്രി 9 വരെ പ്രാർത്ഥന

# ഈ വിഷയങ്ങൾക്കായി പ്രത്യേകം പ്രാർത്ഥിക്കുക

1. ഭാരതസഭ പ്രാർത്ഥനയ്ക്കായി ഉണർത്തപ്പെടേണ്ടതിനായി പ്രാർത്ഥിക്കാം. സെഖ.12:10, യെശ.6:7. ജീവനുള്ള ദൈവത്തിന്റെ പ്രവർത്തനങ്ങൾക്കെതിരെ രാജ്യത്തു വർദ്ധിച്ചുകൊണ്ടിരിക്കുന്ന പൈശാചിക തന്ത്രങ്ങൾക്കും നിഗൂഢ നീക്കങ്ങൾക്കും സാത്താന്യ പ്രവർത്തനങ്ങൾക്കുമെതിരെ വർഷം മുഴുവനും എല്ലാ ദിവസവും 24 മണിക്കൂറുകളും ഇടതടിവില്ലാതെ നിരന്തരമായ പ്രാർത്ഥന ഉയരുവാൻ ദൈവമക്കൾ അതിനായി തയ്യാറാകേണ്ടതിനായി പ്രത്യേകം പ്രാർത്ഥിക്കുക.
2. "...രാവും പകലും ഓലോല കണ്ണുനീരൊഴുക്കുക; നിനക്കു തന്നെ സ്വസ്ഥത നൽകരുത്. നിന്റെ കണ്മണി വിശ്രമിക്കരുത്" (വിലാപ.2:18). ജീവനുള്ള ദൈവത്തെ രുചിച്ചറിഞ്ഞ ഓരോ ദൈവപൈതലിന്റെമേലും പരിശുദ്ധാത്മാവാം ദൈവം കൃപയുടേയും യാചനയുടേയും ആത്മാവിനെ പകരേണ്ടതിനായും അവർ പ്രാർത്ഥനയാൽ രാജ്യത്തെ വലയം ചെയ്യേണ്ടതിനായും എഫേസ്യർ.6:10-18 വരെയുള്ള വാക്യങ്ങളിൽ പറയുന്നതുപോലെയുള്ള ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ച ആത്മിക സൈന്യമായി ഭാരതസഭ മാറുന്നതിനുവേണ്ടിയും പ്രാർത്ഥിക്കാം.
3. ഭാരതസഭയുടെമേലും ആകമാനമായി രാജ്യത്തിന്റെമേലും പരിശുദ്ധാത്മാവിന്റെ ശക്തമായ ആത്മപകർച്ച പരിശുദ്ധാത്മാവ് പകരുന്നതിനായും ആത്മാഭിഷേകത്താൽ നിറയപ്പെട്ട് സകലബന്ധനങ്ങളെയും തകർത്തു നുകക്കയറുകളെ അഴിച്ചുമാറ്റിക്കൊണ്ട് അതിശക്തിയോടെ മുന്നേറുന്ന പ്രാർത്ഥനാ യോദ്ധാക്കളായി ക്രൈസ്തവസഭ തീരേണ്ടതിനായി പ്രാർത്ഥിക്കാം. സെഖ10:1,യോവേൽ2:28, യെശ.59:19
4. ഭാരതം നേരിടുന്ന ഉഗ്രവാദങ്ങൾ, തീവ്രവാദികളുടെ ഭീഷണികൾ, വിഘടനവാദം, ജീവനുള്ള ദൈവത്തെ നിന്ദിക്കുന്ന വിധത്തിലുള്ള വിവിധരീതിയിലുള്ള അന്യാരാധനകൾ, സാത്താൻ വർഷിപ്പ്, കൊള്ള, കലഹം, മനുഷ്യാരാധന, മനുഷ്യബലികൾ ഇവയുടെമേൽ അതിശക്തമായ പരിശുദ്ധാത്മ ഇടപെടൽ ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കാം.
5. പാപത്തിൽനിന്നും മാനവവർഗ്ഗത്തിനു വിമോചനം നൽകുന്ന സത്യസുവിശേഷം രാജ്യത്തെല്ലായിടവും പ്രസംഗിക്കപ്പെടുന്നതിനും ആരും നശിച്ചുപോകാതെ രാജ്യത്ത് എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടേണ്ടതിനായും പ്രാർത്ഥിക്കാം.
6. കഴിഞ്ഞ നാളുകളേക്കാൾ ക്രൈസ്തവസഭയുടെമേലുള്ള ഉപദ്രവങ്ങൾ വർദ്ധിച്ചുവരുന്ന ഒരു കാലഘട്ടമാണിത്. സുവിശേഷം അറിയിക്കുന്നതിനു ചില സ്ഥലങ്ങളിൽ ഏറെ എതിർപ്പുകളാണ് ഇപ്പോഴുള്ളത്. തടസങ്ങളും ഉപദ്രവങ്ങളുമുള്ള സ്ഥലങ്ങളിൽ എതിരികളായവർ മാനസാന്തരപ്പെടുവാനും നിയമങ്ങളും ഭരണാധികാരികളും അനുകൂലമാകുവാനും പ്രാർത്ഥിക്കാം. 11 തെസ്സ.3:1-2.
7. ക്രിസ്തുവിന്റെ സുവിശേഷം നിമിത്തം പീഡനം, ഒറ്റപ്പെടൽ, തിരസ്ക്കരണം,നിന്ദ ഇവയനുഭവിക്കുന്ന ദൈവദാസന്മാരും സഭാവിശ്വാസികളും രാജ്യത്ത് വർദ്ധിക്കുകയാണ്. പ്രതിസന്ധികളെ അതിജീവിക്കുവാനും തളരാതെ ഉറച്ചുനിൽക്കാനും, പ്രാർത്ഥിച്ചു മുന്നേറുവാനും സ്ഥിരപ്പെടുവാനും കഴിയാത്തവിധത്തിൽ ക്ഷീണിപ്പിക്കുന്ന പൈശാചിക തന്ത്രങ്ങൾ തകർക്കപ്പെടേണ്ടതിനായും പ്രാർത്ഥിക്കാം.
8. രാജ്യത്തെ സകല ഭാഷകളിലും ബൈബിൾ ലഭ്യമാകുവാൻ പ്രാർത്ഥിക്കാം. ഇപ്പോൾ പല ഭാഷകളിലും ബൈബിൾ തർജ്ജമ നടത്തപ്പെടുന്നുണ്ട്. ആ ശുശ്രൂഷ ദ്രുതഗതിയിൽ നടക്കപ്പെടുന്നതിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാം.
9. ക്രിസ്തുവിന്റെ സുവിശേഷമാണ് മനുഷ്യനെ ആത്മമരണത്തിൽനിന്നു രക്ഷിക്കുന്നത്. ക്രിസ്തു സ്വാതന്ത്ര്യം വരുത്തിയാൽ മാത്രമേ ഒരു മനുഷ്യൻ പൂർണ്ണ സ്വാതന്ത്യം പ്രാപിക്കുന്നുള്ളൂ. രാജ്യത്തെ 640000 ഗ്രാമങ്ങൾ 4 ലക്ഷം നഗരക്കോളനികൾ ഇവിടങ്ങളിൽ വിവിധ മാധ്യമങ്ങളിൽക്കൂടി സുവിശേഷം എത്തിച്ചേരേണ്ടതിനും സുവിശേഷവേലക്കാർ ഓരോ ഗ്രാമങ്ങളിലും എഴുന്നേൽക്കേണ്ടതിനുംവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാം. ഇൻഡ്യയിലെ വിവിധ ഭാഷാ-ജാതി ഗ്രൂപ്പുകളിൽ സുവിശേഷമറിയിക്കുവാൻ അതതു സമൂഹത്തിൽനിന്നും ഭാഷകളിൽനിന്നും സുവിശേഷകർ എഴുന്നേൽക്കേണ്ടത് ഏറെ ആവശ്യമാണ്. രാജ്യത്തെ സുവിശേഷമറിഞ്ഞ എല്ലാവരും സുവിശേഷമറിയിക്കുന്നവരായിത്തീരേണ്ടതിനായും പ്രാർത്ഥിക്കാം.
10. യുവസമൂഹത്തെ തെറ്റിക്കുന്ന സകല പൈശാചിക തന്ത്രങ്ങളും തകരുവാൻ പ്രാർത്ഥിക്കാം. ഇന്റർനെറ്റ് മൊബൈൽഫോൺ, എന്നിവയുടെ ദുരുപയോഗം ജഡീകോല്ലാസങ്ങൾ, ക്രൂരവിനോദങ്ങൾ ഇവയിൽനിന്നെല്ലാം യുവസമൂഹം പിൻതിരിയുവാൻ പ്രാർത്ഥിക്കാം. വഴിതെറ്റുന്ന, കാലിടറുന്ന, ലോക യുവസമൂഹത്തെ പിൻപറ്റുന്നതിനു പകരം ലോകത്തിന്റെ വിളക്കായി ഭൂമിയുടെ ഉപ്പായി ഭാരത യുവസമൂഹത്തെ ക്രിസ്തുവിങ്കലേക്ക് നയിക്കുവാൻ ക്രിസ്ത്യൻ സമൂഹം പ്രാപ്തമാകുവാൻ പ്രാർത്ഥിക്കാം (ദാനി.3:6).



**India**

**29 സംസ്ഥാനങ്ങൾ 709 ജില്ലകൾ 7 കേന്ദ്രഭരണപ്രദേശങ്ങൾ**
**7,993 പട്ടണങ്ങളും 6 ലക്ഷം ഗ്രാമങ്ങളും**
**1.311 ബില്ല്യൺ ജനങ്ങൾ (2015)**



പ്രാർത്ഥിപ്പിൻ • **2017 നവംബർ 18 ശനി** • പ്രാർത്ഥിപ്പിൻ

## ആഗോള ആത്മിക ഉണർവ്വിനായി പ്രാർത്ഥന

**തിരുവല്ല ഇവാഞ്ചലിക്കൽ സഭാ സെന്റർ ഹാളിൽ പകൽ 9 മണി മുതൽ 3 വരെ പ്രാർത്ഥന**

ആത്മിക ഉണർവ്വിന്റെ വിവിധ വിഷയങ്ങൾ, യെഹൂദാ ജനതയുടെ നടുവിലും യിസ്രായേലിലും സംഭവിച്ചുകൊണ്ടിരിക്കുന്ന സംഭവങ്ങൾ വീഡിയോ-സ്ലൈഡ്സ് മുഖാന്തരം വിവരിച്ചുകൊണ്ടുള്ള പ്രാർത്ഥനയാണിത്.

നേതൃത്വം

**ഓപ്പറേഷൻ എക്സോഡസ് ടീം എറണാകുളം ഫ്ളെയിം ഓഫ് റിവൈവൽ പ്രെയർ ടീം**

## ബൈബിൾ പഠനം 20

# വെളിപ്പാട് പുസ്തകം

## അദ്ധ്യായം 11

അനിൽ വർഗ്ഗീസ്

ശലോമോൻ പണിത ദൈവാലയം ഏകദേശം 380 വർഷത്തിനുശേഷം ബി.സി.597-ൽ ബാബേൽ രാജാവായ നെബൂഖദ്നേസർ നശിപ്പിച്ചു. എന്നാൽ കോരശ് രാജാവിന്റെ കാലത്ത് എസ്രയുടെയും സെരുബാബേലിന്റെയും നേതൃത്വത്തിൽ ഇത് ഭാഗികമായി പുതുക്കിപ്പണിതു. പിന്നീട് ഹെരോദാവിന്റെ കാലഘട്ടത്തിൽ അതു മനോഹരമായി പണി തീർത്തു. ഇതായിരുന്നു യേശുവിന്റെ കാലഘട്ടത്തിൽ ഉണ്ടായിരുന്ന ദൈവാലയം. AD 70-ൽ ഈ ദൈവാലയം റോമൻ സൈന്യം പൂർണ്ണമായും നശിപ്പിച്ചു. ഇന്ന് അവിടെ മുസ്ലീം ആരാധനാലയമായ ഹൊമറിന്റെ പള്ളിയാണ് സ്ഥിതി ചെയ്യുന്നത്. ഈസ്ഥാനത്ത് യെരുശലേം ദൈവാലയം പണിയുവാൻ യെഹൂദന്മാർ കാത്തിരിക്കുകയാണ്. യേശുക്രിസ്തുവിന്റെ രഹസ്യപ്രത്യക്ഷതയ്ക്കും ദൈവസഭയുടെ ഉല്പ്രാപണത്തിനും ശേഷം യെഹൂദന്മാർ ഈ ദൈവാലയം പണിയും.

വാക്യം 1: ''പിന്നെ ദണ്ഡുപോലെയുള്ള ഒരു അളവുകോൽ എന്റെ കൈയിൽ കിട്ടി. കല്പന ലഭിച്ചത്: നീ എഴുന്നേറ്റ് ദൈവത്തിന്റെ ആലയത്തെയും യാഗപീഠത്തെയും അതിൽ നമസ്കരിക്കുന്നവരെയും അളക്കുക''.

യെഹൂദന്മാർ ആസന്നഭാവിയിൽ പണിയുന്ന ഈ ദൈവാലയം അളക്കുവാനാണ് ഇവിടെ യോഹന്നാനോട് ആവശ്യപ്പെടുന്നത്. യെഹസ്ക്കേൽ 40:5, ആമോസ്7:7-9, സെഖര്യാ 2:1,2 എന്നീപ്രവചന പുസ്തകങ്ങളിൽ നിന്നൊക്കെയും നമുക്ക് ഗ്രഹിക്കുവാൻ കഴിയുന്നത്, അളക്കൽ ദൈവികവും കൃത്യവുമായ സംരക്ഷണത്തെയും കരുതലിനെയും കാണിക്കുന്നതായാണ്.

വാക്യം.2: ''ആലയത്തിനു പുറത്തുള്ള പ്രാകാരം അളക്കാതെ വിട്ടേക്ക; അതു ജാതികൾക്കു കൊടുത്തിരിക്കുന്നു. അവർ വിശുദ്ധനഗരത്തെ നാൽപത്തിരണ്ടു മാസം ചവിട്ടും''

എതിർക്രിസ്തു ഭൂമിയിൽ വെളിപ്പെടുന്നത് യിസ്രായേലുമായുള്ള 7 വർഷത്തെ ഉടമ്പടിയോടെയാണ്. ദാനിയേൽ.9:27-ൽ പറയുന്ന 70-ാം ആഴ്ചവട്ടത്തിന്റെ തുടക്കത്തിലായിരിക്കും അത്. ദൈവാലയം പണിയുവാൻ അവൻ അവരെ സഹായിക്കും. എന്നാൽ മൂന്നരവർഷത്തിനുശേഷം അവൻ ഉടമ്പടി ലംഘിക്കുകയും യഹോവയ്ക്കുള്ള യാഗം നിർത്തലാക്കുകയും അന്തിക്രിസ്തു തന്റെ പ്രതിമ യെരുശലേം ദൈവാലയത്തിൽ പ്രതിഷ്ഠിക്കുകയും ചെയ്യും. ദാനിയേൽ 12:11-ൽ പറയുംപോലെ ആയിരത്തിരുന്നൂറ്ററുപതു ദിവസം അഥവാ 42 മാസം ജാതികൾ യെരുശലേമിനെ ചവിട്ടിക്കളയുമെന്ന പ്രവചനം ഈ കാലത്ത് നിറവേറ്റപ്പെടും.

വാക്യം 3,4: ''അന്നു ഞാൻ എന്റെ രണ്ടു സാക്ഷികൾക്കു വരം നൽകും; അവർ രട്ട് ഉടുത്തും കൊണ്ട് ആയിരത്തിരുന്നൂറ്ററുപതു ദിവസം പ്രവചിക്കും. അവർ ഭൂമിയുടെ കർത്താവിന്റെ സന്നിധിയിൽ നിൽക്കുന്ന രണ്ടു ഒലിവു വൃക്ഷവും രണ്ടു നിലവിളക്കും ആകുന്നു''.

ദൈവം തന്നെ ഈ സാക്ഷികളെപ്പറ്റി പറയുന്നത് അവർ കർത്താവിന്റെ സന്നിധിയിൽ നിൽക്കുന്ന രണ്ട് ഒലിവു വൃക്ഷവും നിലവിളക്കുമാകുന്നുവെന്നാണ്. ദൈവസഭയെ പരാമർശിക്കുന്നതാണ് നിലവിളക്ക്. ഈ രണ്ടു സാക്ഷികൾ മുഖാന്തരം ദൈവത്തിന് ഒരു ശേഷിപ്പിനെ ഒരുക്കുന്നതായി ഗ്രഹിക്കാം. സെഖ. 4:1-14 വരെ പറഞ്ഞിരിക്കുന്നതിനോട് ഇത് ഒത്തുവരുന്നു. ഒലിവുവൃക്ഷം പ്രതിനിധീകരിക്കുന്നത് യെഹൂദാ ജാതിയെയാണ്. ഈ രണ്ടു സാക്ഷികളും 1260 ദിവസം അതായത് മൂന്നരവർഷം രട്ടുടുത്തും കൊണ്ട് പ്രവചിക്കുന്നതു മുഖാന്തരം യിസ്രായേൽ ഗോത്രം ഒരോന്നിൽനിന്നും പന്തീരായിരം വീതം 12 ഗോത്രങ്ങളിൽ നിന്നായി നൂറ്റിനാൽപ്പത്തിനാലായിരം പേർ ദൈവത്തിനായി ഒരുക്കപ്പെടുന്നു.

വാക്യം5,6 ''ആരെങ്കിലും അവർക്കു ദോഷം ചെയ്‌വാൻ ഇച്ഛിച്ചാൽ അവരുടെ വായിൽ നിന്നും തീ പുറപ്പെട്ടു അവരുടെ ശത്രുക്കളെ ദഹിപ്പിച്ചുകളയും; അവർക്കു ദോഷം വരുത്തുവാൻ ഇച്ഛിക്കുന്നവൻ ഇങ്ങനെ മരിക്കേണ്ടിവരും. അവരുടെ പ്രവചനകാലത്ത് മഴപെയ്യാത വണ്ണം ആകാശം അടച്ചുകളവാൻ അവർക്ക് അധികാരം ഉണ്ട്. വെള്ളത്തെ രക്തമാക്കുവാനും ഇച്ഛിക്കുമ്പോഴൊക്കെയും സകല ബാധ കൊണ്ടും ഭൂമിയെ ദണ്ഡിപ്പിപ്പാനും അധികാരം ഉണ്ട് ''

2 രാജാക്കന്മാർ 1:9-14 വരെ ഏലിയാവിന്റെ വായിൽ നിന്നു പുറപ്പെട്ട വാക്കുകൾ ആകാശത്തുനിന്നു തീയിറക്കി ശത്രുക്കളെ ദഹിപ്പിച്ചുകളയുന്നതായി കാണാം. 1 രാജ17:1, യാക്കോ.5:17 എന്നീ വചനങ്ങളിൽ നിന്നും ഏലിയാവ് കല്പിച്ചിട്ട് മൂന്നരവർഷക്കാലം ഭൂമിയിൽ മഴ പെയ്തില്ലെന്നും മനസ്സിലാക്കാം. പുറ. 7:20 മുതൽ വെള്ളം രക്തമാക്കിയതും സകലബാധകളാൽ ഭൂമിയെ ദണ്ഡിപ്പിച്ചതും മോശയാണ്.

ഈ രണ്ടുസാക്ഷികളും മോശെയും ഏലിയാവുമാണെന്ന് ഇവരുടെ പ്രവൃത്തി മുഖാന്തിരം ഗ്രഹിക്കുവാൻ സാധിക്കും. മോശ ന്യായപ്രമാണ ദാതാവും ഏലിയാവ് ദൈവത്തിന്റെ പ്രവാചകന്മാരുടെ പ്രതിനിധിയുമാണ്.



## രണ്ടുസാക്ഷികൾ

ദൈവം തന്നെ ഈ സാക്ഷികളെപ്പറ്റി പറയുന്നത് അവർ കർത്താവിന്റെ സന്നിധിയിൽ നിൽക്കുന്ന രണ്ട് ഒലിവു വൃക്ഷവും നിലവിളക്കും ആകുന്നുവെന്നാണ്. ദൈവസഭയെ പരാമർശിക്കുന്നതാണ് നിലവിളക്ക്. ഈ രണ്ടു സാക്ഷികൾ മുഖാന്തരം ദൈവത്തിന് ഒരു ശേഷിപ്പിനെ ഒരുക്കുന്നതായി ഗ്രഹിക്കാം.

വാക്യം.7,8 ''അവർ തങ്ങളുടെ സാക്ഷ്യം തികച്ചശേഷം ആഴത്തിൽ നിന്നും കയറിവരുന്ന മൃഗം അവരോട് പടവെട്ടി അവരെ ജയിച്ചു കൊന്നുകളയും.അവരുടെ കർത്താവ് ക്രൂശിക്കപ്പെട്ടതും ആത്മികമായി സോദോം എന്നും മിസ്രയിം എന്നും പേരുള്ളതുമായ മഹാനഗരത്തിന്റെ വീഥിയിൽ അവരുടെ ശവം കിടക്കും''.

ദൈവം തന്റെ സാക്ഷികൾക്കു നൽകിയ ദൗത്യം മൂന്നരവർഷം കൊണ്ട് പൂർത്തിയാക്കിയതിനുശേഷം എതിർക്രിസ്തു സാത്താൻ തനിക്കു നൽകിയ അധികാരത്തോടെ അവരോട് എതിർത്തിട്ട് അവരെ കൊന്നുകളയും. ആത്മികമായി അധ:പതിച്ച മ്ലേച്ഛതയുടെ പര്യായമായ ദുഷ്ടതയും പീഢനങ്ങളും വിഗ്രഹാരാധനയും നിറഞ്ഞ സോദോം മിസ്രയിം എന്നീ പട്ടണങ്ങൾക്കു സമമായ പട്ടണത്തിൽ അവരുടെ ശവശരീരം കിടക്കും.

വാക്യം.9,10 ''സകലവംശക്കാരും ഗോത്രക്കാരും ഭാഷക്കാരും ജാതിക്കാരും അവരുടെ ശവശരീരം മൂന്നര ദിവസം കാണും. അവരുടെ ശവം കല്ലറയിൽ വെപ്പാൻ സമ്മതിക്കയില്ല. ഈ പ്രവാചകന്മാർ ഇരുവരും ഭൂമിയിൽ വസിക്കുന്നവരെ ദണ്ഡിപ്പിച്ചതുകൊണ്ട് ഭൂവാസികൾ അവർ നിമിത്തം സന്തോഷിച്ചാനന്ദിക്കയും അന്യോന്യം സമ്മാനം കൊടുത്തയയ്ക്കയും ചെയ്യും''.

ദൈവത്തിന്റെ ആലോചനയെ വെറുത്ത ആ കാലഘട്ടത്തിലെ ജനം ഈ രണ്ടു പ്രവാചകന്മാരെ ഏറെ ദ്വേഷിച്ചിരുന്നു. ഈ രണ്ടു സാക്ഷികൾ ദൈവിക പരിപാലനത്തിൽ ആയിരുന്നതിനാൽ അവർക്കു ദോഷം ചെയ്‌വാൻ ഭൂവാസികൾക്ക് സാധ്യമായിരുന്നില്ല. എന്നാൽ ഈ രണ്ടു പ്രവാചകന്മാർ അന്തിക്രിസ്തുവിനാൽ കൊല്ലപ്പെട്ടതുമൂലം അവർ ഏറ്റം സന്തോഷിക്കയും ചെയ്യും. ലോകജനതതി മുഴുവനും ഇവരുടെ ശവശരീരം മൂന്നരദിവസക്കാലം ടി.വി, ഇന്റർനെറ്റ് എന്നീ മാധ്യമങ്ങളിലൂടെ ദർശിക്കും''.

വാക്യം 13-14 ''മൂന്നര ദിവസം കഴിഞ്ഞശേഷം ദൈവത്തിൽനിന്നു ജീവശ്വാസം അവരിൽ വന്ന് അവർ കാൽ ഊന്നി നിന്നു- അവരെ കണ്ടവർ ഭയപരവശരായിത്തീർന്നു. ഇവിടെ കയറിവരുവിൻ എന്ന് സ്വർഗ്ഗത്തിൽനിന്ന് ഒരു മഹാശബ്ദം പറയുന്നതു കേട്ടു. അവർ മേഘത്തിൽ സ്വർഗ്ഗത്തിലേക്കു കയറി അവരുടെ ശത്രുക്കൾ അവരെ നോക്കിക്കൊണ്ടിരുന്നു. ആ നാഴികയിൽ വലിയൊരു ഭൂകമ്പമുണ്ടായി; നഗരത്തിൽ പത്തിലൊന്ന് ഇടുഞ്ഞുവീണു. ഭൂകമ്പത്തിൽ ഏഴായിരംപേർ മരിച്ചുപോയി. ശേഷിച്ചവർ ഭയപരവശരായി സ്വർഗ്ഗത്തിലെ ദൈവത്തിനു മഹത്വം കൊടുത്തു''.

പ്രവാചകന്മാരുടെ ശരീരത്തിന്റെ ദ്രവത്വം കാണ്മാൻ ആഗ്രഹിച്ച് അവരുടെ ശവങ്ങളെ കല്ലറയിൽ വയ്പാൻ സമ്മതിച്ചില്ല. സാധാരണ നിലയിൽ മൂന്നാം ദിവസം ശവശരീരം അഴുകിയ അവസ്ഥയിലായിരിക്കും. ലാസർ മരിച്ചിട്ട് നാലാം ദിവസം കർത്താവ് അവനെ ഉയർപ്പിച്ചപ്പോൾ അഴുകിയ ശവശരീരം ജീവനും പൂർണ്ണതയുമുള്ളതായി തീർന്നതുപോലെ ഇവിടെ ദൈവത്തിൽ നിന്നുള്ള ജീവശ്വാസം പ്രവാചകന്മാരുടെ ശരീരത്തെ ജീവനോടെ നിൽക്കുമാറാക്കി. സ്വർഗ്ഗത്തിൽനിന്നുള്ള കല്പനപ്രകാരം പ്രവാചകന്മാർ മേഘത്തിൽ സ്വർഗ്ഗത്തിലേക്കു കയറി. ഭൂവാസികൾ ഇത് നടുക്കത്തോടെ നോക്കിക്കൊണ്ടിരിക്കുമ്പോൾ തന്നെ വലിയ ഒരു ഭൂകമ്പമുണ്ടാവുകയും നഗരത്തിൽ പത്തിലൊന്ന് ഇടിഞ്ഞുവീണ് ഏഴായിരം പേർ കൊല്ലപ്പെടുകയും ചെയ്യുന്നു. ബാക്കിയുള്ള ജനം ഇതു കണ്ട് ഭയത്തോടെ ദൈവത്തെ മഹത്വപ്പെടുത്തി.

തുടരും

വെളിപ്പാട് പുസ്തക പഠനം സംബന്ധിച്ച സംശയങ്ങൾക്ക് വിളിക്കേണ്ടിയ നമ്പർ:
9447561373 ബ്ര.അനിൽ വർഗ്ഗീസ്

# "ഇതു ഞങ്ങളുടെ ദേശം..ഞങ്ങളുടെ പിതാക്കന്മാരുടെ ദേശം"

ലോകത്തെ വിസ്മയപ്പെടുത്തി കൊണ്ടിരിക്കുന്ന 'അലിയ' ബൈബിൾ പ്രവചനങ്ങളുടെ നിവർത്തീകരണവും അന്ത്യകാലത്തെ സൂചിപ്പിക്കുന്ന പ്രധാനസംഭവവുമാണ്.



അലിയ-2017 ഓഗസ്റ്റ് 23

# അലിയ

## നോർത്ത് അമേരിക്കയിൽനിന്നും 230 ജൂതർ

ടെൽ അവീവ്: ചരിത്രത്തിൽ വിസ്മയമായികൊണ്ടിരിക്കുന്ന ജൂതരുടെ അലിയ വർദ്ധിക്കുകയാണ്. ജൂതരുടെ വീണ്ടുമുള്ള കൂടിച്ചേരലിനു പറയുന്ന എബ്രായ പേരാണ് 'അലിയാ.' 'ഉയരത്തിൽ കയറുക കരേറുക' എന്നാണ് ഈ പദത്തിന്റെ അർത്ഥം

മധ്യപൂർവ്വദേശത്ത് പ്രതിസന്ധികൾ വർധിച്ചുവരുമ്പോഴും ലോകമെങ്ങുനിന്നും യിസ്രായേലിലേക്കുള്ള ജൂതരുടെ അലിയ കൂടുതൽ വർധിച്ചുകൊണ്ടിരിക്കുന്നത് വളരെ ശ്രദ്ധേയമായ വിഷയമായിരിക്കുകയാണ്. ഇക്കഴിഞ്ഞ ഓഗസ്റ്റ് 23-ന് നോർത്ത് അമേരിക്കയിൽ നിന്നും 233 ജൂതർ യിസ്രായേലിലെ ടെൽ-അവീവിലുള്ള ബെൻഗുരിയോൻ എയർപോർട്ടിൽ അലിയയായി എത്തിച്ചേർന്നു. യിസ്രായേലിലേക്ക് കുടിയേറിയവരിൽ അമേരിക്കൻ അംബാസഡർ ഡേവിഡ് ഫ്രെഡ്മാന്റെ മകളും എത്തിചേർന്നു. "എന്റെ കുഞ്ഞുങ്ങളെ വളർത്തുവാൻ ഞാൻ ആഗ്രഹിക്കുന്ന ഏക സ്ഥലമാണ് ഇത്. യഹൂദന്മാരുടെ ദേശം പിതാക്കന്മാരുടെ ദേശം" അലിയയായി കുടുംബത്തോടൊപ്പം നോർത്ത് അമേരിക്കയിലെ വിർജീനിയയിൽ നിന്നും വന്ന ഷമുവേൽ മോസസ് പറഞ്ഞു. അദ്ദേഹം തന്റെ ഭാര്യ സിപ്പോറ, കുട്ടികളായ തമീമാ, ഏലിയാഹു എന്നിവരോടൊപ്പമാണ് യിസ്രായേലിലെത്തിചേർന്നത്.



ഇനി ഞാനെന്റെ അപ്പച്ചന്മാരുടെ നാട്ടിൽ... ഓഗസ്റ്റ് 23-ന് നോർത്ത്അമേരിക്കയിൽനിന്നും എത്തിച്ചേർന്ന അലിയ ടീമിലെ ഒരു യഹൂദാ കുട്ടി

"ആയിരക്കണക്കിന് വർഷമായി യഹൂദാജനത അമേരിക്കയിൽ നിന്നും യിസ്രായേലിലേക്കു കുടിയേറുവാൻ കാത്തിരിക്കുകയായിരുന്നു. എന്നാൽ ഇപ്പോഴാണ് അതിനുള്ള അവസരം കടന്നു വന്നത്. അതു വിസ്മയകരമാണ്" സി.ബി.എൻ ന്യൂസിനോട് സിപ്പോറാ പറഞ്ഞു. പറയുമ്പോൾ തങ്ങളെ യിസ്രായേലിൽ എത്തിച്ച ദൈവത്തിനു അവർ നന്ദിപറയുകയാണ്. ഉത്തര അമേരിക്കയിൽനിന്നും അലിയയായി യിസ്രായേലിൽ എത്തിച്ചേർന്ന ജൂതരുടെ മുഖമെല്ലാം പ്രശോഭിതമായിരുന്നു. പിതാക്കന്മാരുടെ നാട്ടിലേക്ക് എത്തിച്ചേർന്നതിലുള്ള ആകാംക്ഷ എല്ലാവരിലും പ്രകടമായിരുന്നു.

അലിയയായി എത്തിയവരിൽ അറുപതുപേർ യിസ്രായേൽ ഡിഫൻസ് ഫോഴ്സിൽ ചേർന്നു. ഐ.ഡി.എഫ് സൈന്യം അവരെ സ്വാഗതം ചെയ്തു.

യിസ്രായേലിലേക്കുള്ള അലിയക്കുവേണ്ടി നോർത്ത് അമേരിക്കൻ ജൂതരെ സഹായിച്ചത് നെഫെശ്-ബേ-നെഫെശ് എന്ന സംഘടനയാണ്. പ്രത്യേക വിമാനം ചാർട്ട് ചെയ്താണ് ജൂതരെ യിസ്രായേലിൽ എത്തിച്ചത്. 2002 മുതൽ നോർത്ത് അമേരിക്കയിലേയും ബ്രിട്ടനിലേയും 50,000 ജൂതരെയാണ് ഈ സംഘടന യിസ്രായേലിലെത്തിച്ചത്. 2017-ൽ 2000 ജൂതരെ അലിയയായി എത്തിക്കുവാൻ അവർക്കു കഴിഞ്ഞു. ഇത് 57 -ാമത്തെ അലിയാ ഫ്ളൈറ്റാണ്. "ഞാനിവിടെയായിട്ട് പത്തു വർഷമായി ഓരോ അലിയാ സംഘങ്ങളെത്തുമ്പോഴും ആവേശഭരിതനാകുന്നു. ഇതു തികച്ചും വിസ്മയകരം തന്നെ" നെഫെശ്-ബേ-നെഫെശ് എക്സിക്യുട്ടീവ് വൈസ് പ്രസിഡന്റ് സേവ് ഗെർഷിൻസ്കി പറഞ്ഞു. അലിയയ്ക്കവേണ്ടി തയ്യാറായിരിക്കുന്ന ജൂതരുടെ വിവിധകാര്യങ്ങൾ അവർ തന്നെ ക്രമീകരിക്കുന്നു. ജൂതരുടെ അലിയയുടെ ചെലവുകൾ നെഫെശ്-ബേ-നെഫെശ് തന്നെയാണ് നിർവഹിക്കുന്നത്. ഓരോ വേനൽക്കാലത്തും അലിയയുടെ നിരവധി വിമാനങ്ങൾ ഇവരിലൂടെ യിസ്രായേലിലെത്തിക്കൊണ്ടിരിക്കുന്നു.

"യഹൂദന്മാരിൽ വലിയൊരു വിഭാഗം ഉത്തരഅമേരിക്കയിൽ നിന്നും യിസ്രായേലിലേക്ക് അലിയയ്ക്കായി ആഗ്രഹിക്കുന്നു. എന്നാൽ പല പ്രതിബന്ധങ്ങൾ അവർക്കുണ്ട്. അവരുടെ മുമ്പിലുള്ള തടസ്സങ്ങളെല്ലാംമാറി അവരുടെ സ്വപ്നം സാക്ഷാത്കരിക്കുവാനായി ഞങ്ങൾ അവരെ സഹായിക്കുന്നു." ഗെർഷിൻസ്കൈ സി.ബി.എൻ ന്യൂസിനോട് പറഞ്ഞു.

അമേരിക്കയുടെ വിവിധ സംസ്ഥാനങ്ങളിൽ കഴിയുന്ന അറുപതു ലക്ഷത്തോളം ജൂതരിൽനിന്നുള്ള അലിയ വർധിക്കുവാൻ തുടങ്ങിയിരിക്കുകയാണ്. ഏറ്റം ശ്രദ്ധേയമായ സംഭവമാണ്. അമേരിക്കയെ പടുത്തുയർത്തിയ യെഹൂദാ ജനതയുടെ യിസ്രായേലിലേക്കുള്ള അലിയ ആശങ്കയോടെയാണ് ഭരണനേതൃത്വം നോക്കികാണുന്നത്. അമേരിക്കയിൽ സംഭവിച്ചിരിക്കുന്ന സാമ്പത്തിക അധഃപതനവും നിരന്തരമായ പ്രകൃതിക്ഷോഭങ്ങളും ഭീകരന്മാരുടെ ഭീഷണികളും ഉത്തരകൊറിയയും ഇറാനും അമേരിക്കയെ തകർക്കുമെന്നു നൽകുന്ന ഭീഷണികളുടെയും മുമ്പിൽ അമേരിക്ക തങ്ങൾക്ക് സുരക്ഷിതമല്ലെന്നുള്ള തോന്നൽ ജൂതരിൽ ഉയർന്നിരിക്കുന്നു.

---

"യിസ്രായേലിന്റെ ഭാഗമായിത്തീരാൻ സ്വപ്നം കണ്ട എന്റെ മക്കൾ റ്റാലിയായെ അവിടേക്കയച്ചതിൽ ഞാൻ സന്തോഷിക്കുകയാണ്. അവൾ യിസ്രായേലിനെ സ്നേഹിക്കുന്നു. ഞങ്ങളെല്ലാം യിസ്രായേലിനെ സ്നേഹിക്കുന്നു. ഇത് അവളുടെ സ്വപ്നമായിരുന്നു. ഞങ്ങൾ അവളെയോർത്ത് അഭിമാനമുള്ളവരാണ്" 23 വയസ്സുകാരിയായ തന്റെ മകൾ റ്റാലിയയെക്കുറിച്ച് യിസ്രായേലിന്റെ അമേരിക്കൻ അംബാസഡർ ഡേവിഡ് ഫ്രെഡ്മാൻ സി.ബി.എൻ ന്യൂസിനോടു പറഞ്ഞു. ന്യൂയോർക്കിൽ നിന്നാണ് ഇക്കഴിഞ്ഞ ഓഗസ്റ്റ് 15-നുള്ള പ്രത്യേക അലിയ വിമാനത്തിൽ തന്റെ മകൾ യാത്ര തിരിച്ചത്." "ഞാൻ ഇവിടെ വളരെ സന്തോഷവതിയാണ്.. ഇതു വളരെ വിസ്മയകരമായിരിക്കുന്നു" റ്റാലിയാ പറഞ്ഞു.



അമേരിക്കൻ അംബാസഡർ ഡേവിഡ് ഫ്രെഡ്മാൻ മകളോടൊപ്പം



ഡേവിഡ് ഫ്രെഡ്മാന്റെ മകളും കൂട്ടുകാരികളും യിസ്രായേലിൽ

# യിസ്രായേലിന്റെ പോർവിമാനങ്ങൾ ലെബനന്റെമേൽ




ബെയ്റൂട്ട്. അക്ഷരാർത്ഥത്തിൽ ലബനനൻ ജനത പരിഭ്രാന്തരായി. തെക്കൻ ലബനനിലെ സൈദയ്ക്കു മുകളിൽകൂടി യിസ്രായേലിന്റെ പോർവിമാനങ്ങൾ താഴ്ന്നുപറന്നതിന്റെ ശബ്ദത്തിന്റെ ആഘാതത്തിൽ നഗരം നടുങ്ങി. ഒരു ഭൂചലനത്തിനു സമാനമായിരുന്നു അത്. കെട്ടിടങ്ങൾ കുലുങ്ങുകയും ജനൽച്ചില്ലുകൾ പൊട്ടിച്ചിതറുകയും ചെയ്തു. യിസ്രായേലിന്റെ യുദ്ധവിമാനങ്ങൾ മിക്കപ്പോഴും ലെബാനോന്റെ വ്യോമാർത്തിക്കുള്ളിൽ പ്രവേശിക്കാറുണ്ടെങ്കിലും താഴ്ന്നു പറക്കാറില്ല. 2006-ൽ ലബനനിലെ ഷിയ സായുധ സംഘടനയായ ഹിസ്ബുല്ല യിസ്രായേലിനെതിരെ നടത്തിയ യുദ്ധത്തിന്റെ സമയത്തേതുപോലെയുള്ള അന്തരീക്ഷമായിരുന്നു അവിടുണ്ടായത്. ഇനി യുദ്ധം ഉണ്ടായാൽ അതു യിസ്രായേലിന്റെ പ്രദേശങ്ങളിലായിരിക്കുമെന്ന് ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഹിസ്ബുല്ലയുടെ വാക്കുകൾ യിസ്രായേൽ പുച്ഛിച്ചു തള്ളുകയാണെന്നുള്ളതിന്റെ സൂചനയായിരുന്നു. പോർവിമാനങ്ങളുടെ വരവിലൂടെ യിസ്രായേൽ പ്രകടമാക്കിയത്. ഹിസ്ബുല്ലയുടെ ഏതു നീക്കവും ശക്തമായി നേരിടുമെന്നാണ് യിസ്രായേലിന്റെ പ്രഖ്യാപനം.

# കടലിന്റേയും ഓളത്തിന്റേയും മുഴക്കം

കർത്താവായ യേശുക്രിസ്തു അന്ത്യകാലത്ത് സംഭവിപ്പാൻ പോകുന്ന വിവിധവിഷയങ്ങളെക്കുറിച്ച് പ്രസ്താവിച്ചപ്പോൾ പറഞ്ഞു "കടലിന്റെയും ഓളത്തിന്റെയും മുഴക്കം നിമിത്തം ഭൂമിയിലെ ജാതികൾക്കു നിരാശയോടു കൂടിയ പരിഭ്രമം ഉണ്ടാകും" എന്ന് (ലൂക്കോ. 21:25) കടലിന്റെയും ഓളത്തിന്റെയും മുഴക്കം ഇന്ന് ലോകത്തെ പരിഭ്രമിപ്പിക്കുന്ന ഒരു വിഷയമായിരിക്കുന്നു. "അവൻ കൽപ്പിച്ചു കൊടുങ്കാറ്റു അടിപ്പിച്ചു; അതു അതിലെ തിരകളെ പൊങ്ങുമാറാക്കി" എന്ന് സങ്കീ.107:23-ൽ നാം വായിക്കുന്നു.

'സുനാമി' എന്ന വാക്ക് ഇന്നു ലോകത്ത് പുതുമയല്ലാത്ത പദമായിരിക്കുന്നു. ഓരോ ഭൂകമ്പവും ഉണ്ടാകുമ്പോൾ സുനാമി മുന്നറിയിപ്പ് നൽകിക്കൊണ്ടിരിക്കുന്നു. ഇന്തോനേഷ്യയിലെ സുമാത്ര ദ്വീപിൽ 2004 ഡിസംബറിൽ കടലിലുണ്ടായ ഭൂകമ്പം നിമിത്തം തിരകൾ പൊങ്ങി ലോകത്തെ 14 രാജ്യങ്ങളിൽ വൻനാശനഷ്ടം വിതയ്ക്കയുണ്ടായി. സമുദ്രത്തിൽ രൂപപ്പെട്ടുകൊണ്ടിരിക്കുന്ന കൊടുങ്കാറ്റുകളും തിരമാലകളെ പൊങ്ങുമാറാക്കുന്നു.

രാജ്യം കൊടുങ്കാറ്റുകൾക്ക് പേരുകൾ കൊടുത്തു വിളിക്കുവാൻ തുടങ്ങി. ഈ കഴിഞ്ഞ ദിവസങ്ങളിൽ അമേരിക്കയിലെ ഹൂസ്റ്റണിൽ ഹാർവി കൊടുങ്കാറ്റ് ആഞ്ഞടിച്ചു. കനത്തനാശനഷ്ടമാണ് അവിടുണ്ടായത്. ഹൂസ്റ്റണിൽ ഹാർവി കൊടുങ്കാറ്റ് വിതച്ച നാശത്തിൽ നിന്ന് പൂർവ്വ സ്ഥിതിയിലേക്ക് നഗരത്തിന് മടങ്ങിയെത്താൻ വർഷങ്ങളുടെ പ്രയത്നം വേണ്ടിവരുമെന്നാണ് ടെക്സാസ് ഗവർണർ ഗ്രെഗ് അബോട്ട് പറഞ്ഞിരിക്കുന്നത്. കരീബിയൻ ദ്വീപുകളിൽ കനത്ത നാശനഷ്ടം വിതെച്ചുകൊണ്ട് ഹാർവിക്കു പിന്നാലെ ഇർമ എന്ന ചുഴലികൊടുങ്കാറ്റും കടന്നുവന്നു. അമേരിക്കയിലെ ഫ്ളോറിഡയുടെ തീരത്തെത്തിയ ഇർമയുടെ പ്രഹരമേറ്റ് നഗരം തകർന്നടിഞ്ഞു. കാറ്റഗറി 5-ൽ ഇർമ വീശിത്തുടങ്ങിയതെങ്കിലും അത് കാറ്റഗറി രണ്ടിലേക്ക് താഴുകയുണ്ടായി.

ഇർമ കൊടുങ്കാറ്റിന്റെ ശക്തിയിൽ സമുദ്രനിരപ്പ് പലയിടങ്ങളിലും പതിനേഴ് അടിയോളം ഉയരുകയുണ്ടായി. എന്നാൽ മറ്റ് ചിലസ്ഥലങ്ങളിൽ സമുദ്രത്തിലെ വെള്ളം ഇറങ്ങിപോയി മരുഭൂമി രൂപംപൂണ്ടു. ബഹമാസ്, ഫ്ളോറിഡ എന്നിവിടങ്ങളിലെ കടൽഭാഗത്തെയാണ് ഇർമ അപ്രത്യക്ഷമാക്കിയത്. മിക്ക സ്ഥലങ്ങളിലും തീരങ്ങളിൽ നിന്നും സമുദ്രം പൂർണമായും പിൻവലിഞ്ഞ നിലയാണുള്ളത്. ബഹമാസിലും ഫ്ളോറിഡയിലും സമാനമായ പ്രതിഭാസം റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായി. നെഗറ്റീവ് സർജ് എന്ന് കാലാവസ്ഥ കേന്ദ്രങ്ങൾ ഈ പ്രതിഭാസത്തെ വിശേഷിപ്പിച്ചു. ഫ്ളോറിഡയ്ക്ക് പിന്നാലെ സുഖവാസകേന്ദ്രമായ മിയാമിയിലും കനത്ത ദുരിതമാണ് ഇർമ വിതച്ചത് ഹാർവിചുഴലികൊടുങ്കാറ്റ് വന്ന് രണ്ടാഴ്ച പിന്നിട്ടപ്പോഴാണ് ഇർമയുടെ വരവ്. അതേസമയം കൃത്യ എന്ന മറ്റൊരു ചുഴലികാറ്റ് മെക്സിക്കൻ തീരത്തെത്തി. ഹോസെ എന്ന ചുഴലികാറ്റ് കരീബീയൻ ദ്വീപുസമൂഹമായ ലിവാർഡ് കടന്നു.



**ഇർമ കൊടുങ്കാറ്റിന്റെ ശക്തിയിൽ സമുദ്രനിരപ്പ് പലയിടങ്ങളിലും പതിനേഴ് അടിയോളം ഉയരുകയുണ്ടായി. എന്നാൽ മറ്റ് ചിലസ്ഥലങ്ങളിൽ സമുദ്രത്തിലെ വെള്ളം ഇറങ്ങിപ്പോയി മരുഭൂമി രൂപംപൂണ്ടു.**

ദിവസവും ഭൂകമ്പം ഭൂമിയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു. വടക്കേ അമേരിക്കയുടെ മെക്സിക്കോയിൽ 8.1 തീവ്രത രേഖപ്പെടുത്തിയ ഭൂചലനം ഈ മാസം ആദ്യം ഉണ്ടായി. ഭൂകമ്പത്തെതുടർന്ന് സുനാമിയും ഉണ്ടായി. സുനാമി തിരമാലകൾ 2.3 അടിയോളമാണ് ഉയർന്നത്. "ഭൂമിയിലെ ജാതികൾക്കു നിരാശയോടുകൂടിയ പരിഭ്രമം ഉണ്ടാകും" എന്നു യേശു കർത്താവ് പറഞ്ഞ വചനം അതേപടി നിവർത്തീകരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. മിയാമി ബീച്ച് പ്രേതപ്പറമ്പായി മാറ്റപ്പെട്ടതും മിയാമി വിമാനത്താവളം അടച്ചിടേണ്ടിവന്നതും ഒറ്റദിവസം മാത്രം അമേരിക്കയിൽ 3582 വിമാനസർവ്വീസുകൾ റദ്ദു ചെയ്യപ്പെട്ടതും ജനത്തെ പരിഭ്രമത്തിലാഴ്ത്തി.

ഫ്ളോറിഡായിൽ 62 ലക്ഷം വീടുകളാണ് വൈദ്യുതിയില്ലാതെ ഇരുട്ടിലായത്. ഫ്ളോറിഡായുടെ ചരിത്രത്തിലെ ഏറ്റവും വലിയ കുടിയൊഴിപ്പിക്കലായിരുന്നു ഇർമ കൊടുങ്കാറ്റിനെ തുടർന്ന് നടത്തിയത്. ജനം ഒഴിഞ്ഞുപോയതു മുതലെടുത്ത് മോഷണവും കൊള്ളയും പെരുകി. നിരാശയോടുകൂടിയ പരിഭ്രമം തന്നെയാണ് ഏവരിലും.

മെക്സിക്കോയിലെ വൻഭൂകമ്പത്തെ തുടർന്ന മെക്സിന്തോയ്ക്കു പുറമെ ഗ്വാട്ടിമാല, എൽസാൽവദോർ, കോസ്റ്ററിക്ക, നിക്കരാഗ്വാ, പനാമ, ഹോണ്ടൂറാസ് സുനാമി മുന്നറിയിപ്പ് നൽകിയിരുന്നു. പിജിജിയാപ്പൻ നഗരത്തിൽനിന്ന് 76 മൈൽ തെക്ക് പടിഞ്ഞാറായി കടലിനടിയിലാണ് ഭൂകമ്പത്തിന്റെ പ്രഭവകേന്ദ്രം. ആളുകൾ പരിഭ്രമിച്ച് താമസസ്ഥലങ്ങളിൽനിന്നും ഇറങ്ങിയോടി. കെട്ടിടങ്ങൾ കുലുങ്ങി.




**1896 മുതൽ 1946 വരെയുള്ള കാലഘട്ടത്തിൽ ഭൂമിമുഴുവൻ പ്രകമ്പനം കൊളളിച്ച വലിയ ഭൂചലനങ്ങൾ ക്രമീകൃതമായ അളവിൽ മാത്രമായിരുന്നു. വളരെ ചുരുങ്ങിയ ഏറ്റക്കുറച്ചിൽ മാത്രമേ സംഭവിച്ചിരുന്നുള്ളൂ. എന്നാൽ തുടർന്നുള്ള 20 വർഷങ്ങളിൽ 1966 വരെ ഗണനീയമായ വർദ്ധനയുണ്ടായി. യെരുശലേം യിസ്രായേൽ സ്വന്തമാക്കിയ 1967 – നു ശേഷം വൻതോതിലുള്ള ഭൂചലനങ്ങൾ ക്രമാതീതമായി വർദ്ധിക്കുവാൻ തുടങ്ങി. ഓരോ ദിവസവും ഇപ്പോൾ ഭൂമിയിൽ ചെറുതും വലുതുമായ നിരന്തരമായ ഭൂചലനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.**


# ബൈബിൾ പുസ്തകങ്ങൾ എബ്രായ ഭാഷയിലൂടെ

മാത്യു ഫിലിപ്പ്, തിരുവല്ല

**ആരം 22**

# ബൈബിൾ ചക്രം

# THE BIBLE WHEEL



## 22 ആരങ്ങളുടേയും സംഗ്രഹം

## א ആലെഫ്-ഒന്നാം ആരം

### ഗ്രന്ഥങ്ങൾ: ഉല്പത്തി- യെശയ്യാവ് -റോമർ


### ദൈവത്തിന്റെ ചിഹ്നം പരമാധികാരം, ആരംഭങ്ങൾ, ആദികാര്യങ്ങൾ

"ഉപദേശത്തിനായും സാക്ഷ്യത്തിനായും വരുവിൻ! അവർ ഈ വചനപ്രകാരം പറയുമെങ്കിൽ അതു അവരിൽ വെളിച്ചമില്ലാത്തതു കൊണ്ടാണ്" (യെശ.8:20).

ഒന്നാം ആരത്തിന്റെ ഒറ്റപ്പെട്ട പൂർണ്ണത വേദപുസ്തക ചക്രത്തിന്റെ ആത്യന്തിക ഘടനയുടേയും ദിവ്യരൂപകല്പനയുടേയും മഹത്തായ അടയാളമാത്രെ. വേദപുസ്തകത്തിന്റെ മുഖ്യവിഭാഗങ്ങളിൽപെട്ട മൂന്നു ആദ്യ ഗ്രന്ഥങ്ങളെ അണിനിരത്തിയിരിക്കുന്നതുതന്നെ ദൈവികാസൂത്രണത്തിന്റെ തെളിവാണ്. ന്യായപ്രമാണ (Torah)ത്തിന്റെ ഒന്നാം പുസ്തകവും പ്രവചനഗ്രന്ഥങ്ങളിൽ ഒന്നാമത്തേതും ലേഖനങ്ങളിൽ ആദ്യത്തേതും ഒന്നാം ആരത്തിൽ തന്നെ ഉൾപ്പെടുത്തിയതിനാൽ പഴയനിയമ വിവരണങ്ങൾ പലതും പുതിയനിയമത്തിൽ ദൃഷ്ടാന്തീകരിക്കുകയും ചെയ്യുന്നു. വേദപുസ്തകത്തിൽ സ്വയം വിശദീകരിക്കുന്ന രീതി ദൈവം തന്നെ രൂപകല്പന ചെയ്തിരിക്കുന്നു. അങ്ങനെ ആലെഫ് ആരംഭങ്ങളുടെ പ്രതീകമായി നിലകൊള്ളുന്നു.

**ആരം 1 – ആരംഭങ്ങളുടെ ഗ്രന്ഥങ്ങൾ**

| | | | | |
|---|---|---|---|---|
| ഒന്നാം പരിവൃത്തം | - | ഉൽപ്പത്തി | - | ആദ്യന്യായപ്രമാണം |
| രണ്ടാ പരിവൃത്തം | - | യെശയ്യാവ് | - | ആദ്യപ്രവചനം |
| മൂന്നാം പരിവൃത്തം | - | റോമർ | - | ആദ്യലേഖനം |




### ആലെഫ്: ദൈവസ്വഭാവങ്ങളായ ഐക്യം, സ്നേഹം, പ്രകാശം, സത്യം എന്നിവ ഇതിലൂടെ ഉത്ഘോഷിക്കുന്നു

"യിസ്രായേൽ രാജാവായ യഹോവ,അവന്റെ വീണ്ടെടുപ്പുകാരനായ സൈന്യങ്ങളുടെ യഹോവ, ഇപ്രകാരം അരുളിചെയ്യുന്നു; ഞാൻ ആദ്യനും അന്ത്യനുമാകുന്നു. ഞാനല്ലാതെ ഒരു ദൈവവുമില്ല" യെശ.44:6

ആദ്യാക്ഷരമായ ആലെഫ് സ്വാഭാവികമായും ആദിമകാര്യങ്ങളുടെ പ്രതീകം ദൈവംതന്നെ ആയിരിക്കയാൽ അവയിൽ മുഖ്യനും ആണ്. ദൈവത്തിന്റെ ആദ്യദിവ്യനാമം എലോഹീം എന്നതിന്റേയും ആദ്യാക്ഷരം ഇതുതന്നെ. ആകയാൽ ആലെഫ്-നെ ദൈവത്തിന്റെ ചുരുക്കപ്പേര് ആയി കരുതാം. അവസാന ഗ്രന്ഥമായ വെളിപ്പാടിൽ യവന അക്ഷരമായ ആൽഫാ പ്രതീകമായി ദൈവം സ്വീകരിച്ചിരിക്കുന്നതുമായി ഇത് ഒക്കുന്നു.

"ഞാൻ ആൽഫയും ഒമേഗയും ആദിയും അന്തവുമാകുന്നുവെന്ന് ആകുന്നവനും ആയിരുന്നവനും വരുവാനുളളവനുമായ സർവ്വശക്തനായ ദൈവം അരുളിച്ചെയ്യുന്നു" വെളി.1:8.

את എന്നീ അക്ഷരങ്ങൾ ദൈവത്തിന്റെ മണിമകുടനാമത്തിന്റെ അക്ഷരങ്ങളുമായി കൊത്തുപണി ചെയ്തിരിക്കുന്നു. അത് ദൈവത്തിൽനിന്നുള്ള അടയാളമായി ഒരു അത്ഭുത ജ്ഞാപകമായി നിലകൊള്ളുന്നു. ദൈവവും ആലേഫുമായുള്ള വ്യക്തമായ ബന്ധം (ചങ്ങലക്കെട്ടായി) തിരുവചനത്തിലൂടെ യൂദപാരമ്പര്യത്തിലേക്ക് സന്നിവേശിപ്പിച്ചിരിക്കുന്നു.

ഒരുവനും ഏകനും നിത്യനുമായ സർവ്വശക്തനായ ദൈവത്തെ ആലെഫ് പ്രതിനിധീകരിക്കുന്നു. സൃഷ്ടാവും പ്രപഞ്ചനായകനുമായ ദൈവത്തിന്റെ അടയാളമാണത്. ആലെഫ് എന്നനാമം തന്നെ- അല്ലൂഫ് അഥവാ നായകൻ - ദൈവത്തിന്റെ അധീശത്വത്തെ പരാമർശിക്കുന്നു.

അല്ലൂഫ് എന്ന സൂത്രപദത്തെ ആദ്യആരത്തിൽ സ്പർശിക്കുകയും അതിന്റെ പ്രതിരൂപാത്മക ബന്ധത്തെ ചൂണ്ടിക്കാട്ടുകയും ചെയ്യുന്നു. പട്ടിക B യിൽ ചേർത്തിരിക്കുന്ന സൂത്രപദങ്ങൾ ശ്രദ്ധിക്കുക: അവയൊക്കെ ദൈവത്തിന്റെ നിരവധി സ്വഭാവവിശേഷതകളിലേക്ക് സൂചകമാണ്. ദൃഷ്ടാന്തമായി- ഈ സൂത്രപദങ്ങൾ വേദപുസ്തകം വെളിപ്പെടുത്തുന്ന ദൈവത്തെക്കുറിച്ചുള്ള അറിവിന്റേയും ജ്ഞാനത്തിന്റേയും ആരംഭം മാത്രമാണ്. ഇത് ധ്യാനവിഷയമാക്കുമെങ്കിൽ സർവ്വശക്തനായ ദൈവത്തിന്റെ മഹാസത്യത്തിന്റേയും മഹോന്നതിയുടേയും ആത്മാവിലേക്ക് ചെന്നെത്തുവാൻ നമ്മെ തുണയ്ക്കും.

പട്ടിക B

| א | Aleph KeyWords |
|---|---|
| אֱלֹהִים | Elohim: God |
| אֶחָד | Echad: One |
| אַהֲבָה | Ahavah: Love |
| אוֹר | Aur: Light |
| אֱמֶת | Emet: Truth |
| אֱמוּנָה | Emunah: Faith |
| אָדוֹן | Adon: Sovereign Lord |
| אֵת | Et: Aleph Tav |

| | | | | |
|---|---|---|---|---|
| o | ഏഖാദ് | = | ദൈവം ഏകൻ | (ആവ.6:4) എഫേ.4:6 |
| o | അഹവാ | = | സ്നേഹം | (1 യോ.4:8) |
| o | ഓർ | = | പ്രകാശം | (1 യോഹ.1:5) |
| o | എമെത് | = | സത്യം | (യോഹ.14:6) യെശ.65:16 |
| o | ആഡോൺ | = | കർത്താവ് | (സെഖ.4:14) |
| o | ആഡോൺ | = | ആദ്യനും അന്ത്യനും | (വെളി.1:8) യെശ.44:6 |

### നിത്യനായ ദൈവം (ഉൽപത്തി യെശയ്യാവ് റോമർ)

"അബ്രഹാം ബേർശേബയിൽ ഒരു പിച്ചുലവൃക്ഷം നട്ടു. നിത്യദൈവമായ യഹോവയുടെ നാമത്തിൽ (ഏൽ ഓലാം)അവിടെ വച്ച് ആരാധന കഴിച്ചു". ഉൽപ.21:33

നമ്മുടെ ദൈവത്തിന്റെ ദിവ്യനാമമായ ഏലോഹീം ആലെഫ് സൂത്രപദമായി 22000-ൽ അധികം വാക്യങ്ങൾ പ്രത്യക്ഷമായിരിക്കുന്നു. ശക്തിയുടേയും ബലത്തിന്റേയും ലക്ഷ്യാർത്ഥമായി മൂലപദമായ ഏൽ (ദൈവം) നിന്നും ഉത്ഭവിച്ചതായ പദമാണിത്. ഇമ്മാനുവേൽ, ദാനിയേൽ തുടങ്ങിയ നിരവധി നാമങ്ങളിൽ പ്രത്യയമായി ഏൽ ചേർത്തിട്ടുണ്ടല്ലോ. ദൈവനാമങ്ങളായ ഏൽ എല്യോൻ,എൽഷദ്ദായി തുടങ്ങിയവയിൽ ഉപസർഗ്ഗമായും ഇതു കാണപ്പെടുന്നു. ആലെഫ്, ലാമെദ്, എന്നീ അക്ഷരങ്ങൾ വേദപുസ്തക ചക്രത്തിൽ നേരെ എതിരായി വരുന്ന ആരങ്ങളിൽ നിലകൊള്ളുന്നു. സകലവും ഏബ്രായപദമായ എത്കോൽ-ന്റെ ആദ്യത്തേതും ഒടുവിലത്തേതുമായ അക്ഷരങ്ങളാണവ. ഉൽപത്തി 21:33 ലെ ഏൽ ഓലാം എന്ന ദിവ്യ നാമത്തിന്റെ ആദ്യഭാഗമാണിത്. ഈ നാമം വേദപുസ്തകത്തിൽ മറ്റൊരിടത്തും കാണപ്പെടുന്നതുമില്ല. ഇതിനോട് സാമ്യമുള്ള എലോഹിം ഓലാം എന്ന നാമം യെശയ്യാവ് 40:28-ൽ കാണപ്പെടുന്നു.

"യഹോവ നിത്യ ദൈവം (എലോഹി- ഓലാം) ഭൂമിയുടെ അറുതികളെ സൃഷ്ടിച്ചവൻ തന്നെ; അവൻ ക്ഷീണിക്കുന്നില്ല, തളർന്നു പോകുന്നതുമില്ല; അവന്റെ ബുദ്ധി അപ്രമേയമത്രേ". ഈ വാക്കും എലോഹി-ഓലാം വേദപുസ്തകത്തിൽ ഒരിടത്തു മാത്രം കാണപ്പെടുന്നുവെന്നത് ശ്രദ്ധേയം തന്നെ.

**ആലെഫ്**

ബാക്കി പേജ് 9-ൽ

# News

## ബൈബിൾ ക്വിസ്സ് സമ്മേളനവും കുടുംബസംഗമവും



ജെംസി ഫിലിപ്പ് , ബഥേൽ ആശ്രമം

ഡോ,ബെഞ്ചമിൻ ജോർജ്ജ് മലയാളം സ്റ്റഡി ബൈബിളുകൾ വിജയികൾക്ക് നൽകുന്നു



ഇ.കെ.ചെറിയാൻ, മുണ്ടിയപ്പള്ളി



സൂസി ഏബ്രഹാം, മുണ്ടിയപ്പള്ളി



ഫിലോമിന ചാക്കോ, ചാലക്കുടി

തിരുവല്ല: ഫ്ളെയിം ഓഫ് റിവൈവൽ ബൈബിൾ ക്വിസ് സമ്മേളനവും ക്രൗൺ ഓഫ് ലൈഫ് കുടുംബസംഗമവും ഇക്കഴിഞ്ഞ സെപ്റ്റംബർ 9-ന് തിരുവല്ല ഓയ്സ്റ്റർ കൺവൻഷൻ സെന്ററിൽ നടത്തപ്പെട്ടു. 2016-17 വർഷത്തിലെ ഫ്ളെയിം ബൈബിൾ ക്വിസ് വിജയികൾക്കുള്ള സർട്ടിഫിക്കേറ്റുകളും സ്റ്റഡി ബൈബിളുകളും ഡോ.ബെഞ്ചമിൻ ജോർജ്ജ് നൽകുകയുണ്ടായി. ഇകെ.ചെറിയാൻ-മുണ്ടിയപ്പള്ളി, സൂസി ഏബ്രഹാം-മുണ്ടിയപ്പള്ളി, ഫിലോമിന ചാക്കോ-ചാലക്കുടി, ജെംസി ഫിലിപ്പ്-ബഥേൽ ആശ്രമം, തിരുവല്ല, മോളി ജേക്കബ്-തിരുവല്ല, ഏലിയാമ്മ ജോൺ-പുല്ലാട്, പത്തനംതിട്ട എന്നിവരാണ് മലയാളം സ്റ്റഡി ബൈബിളുകൾ കരസ്ഥമാക്കിയത്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ദൈവജനം ഈ കുടുംബസംഗമത്തിൽ പങ്കെടുക്കുകയുണ്ടായി. ഡോ.ബെഞ്ചമിൻ ജോർജ്ജ് കോട്ടയം മുഖ്യസന്ദേശം നൽകി. പാ.ജേക്കബ്.റ്റി.ആന്റണി അധ്യക്ഷനായിരുന്നു. ബൈബിൾ പുസ്തകങ്ങളുടെ പേരുകൾ ഗാനരൂപത്തിൽ മിസിസ്.ഫിലോമിന ചാക്കോ അവതരിപ്പിക്കയുണ്ടായി.




മലയാളം സ്റ്റഡി ബൈബിൾ കരസ്ഥമാക്കിയ മോളി ജേക്കബ്, ലീലാമ്മ ജോൺ

## ദൈവം പുതിയതു സൃഷ്ടിക്കുന്നു: ഡോ.ബെഞ്ചമിൻ ജോർജ്ജ്

ബൈബിൾ ക്വിസ്സ് സമ്മേളനം 2017



ഡോ.ബെഞ്ചമിൻ ജോർജ്ജ് ദൈവവചനം ശുശ്രൂഷിക്കുന്നു



തിരുവല്ല. സർവ്വശക്തനായ ദൈവം, നാം ഇപ്പോൾ അധിവസിക്കുന്ന ഈ ഭൂമിയെ ഒരിക്കൽ പുതുതാക്കുകയുണ്ടായി. പാപംപെരുകിയ ലോകത്തെ അവൻ ജലപ്രളയത്തിലൂടെ പുതുതാക്കിയെടുത്തു. എന്നാൽ ഇനി ദൈവം ഈ ഭൂമിയെ അപ്രകാരം പുതുതാക്കുകയില്ല. മറിച്ച് അവൻ മറ്റൊരു പുതിയ ആകാശവും പുതിയഭൂമിയും സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. വെളിപ്പാട് പുസ്തകം 21:1 ആധാരമാക്കി ഡോ.ബെഞ്ചമിൻ ജോർജ്ജ് പറഞ്ഞു. ഫ്ളെയിം ഓഫ് റിവൈവൽ -ക്രൗൺ ഓഫ് ലൈഫ് കുടുംബ സംഗമത്തിലാണ് പുതിയതു സൃഷ്ടിക്കുന്ന ദൈവത്തെക്കുറിച്ച് അദ്ദേഹം പ്രസ്താവിച്ചത്.

പേജ് 8-ന്റെ ബാക്കി ഭാഗം

## **ആലെഫ്;** നമ്മുടെ ഗുരുവും വഴികാട്ടിയുമായ ദൈവത്തിന്റെ ചിഹ്നം

"അവിടെ ഒരു പെരുവഴിയും പാതയും ഉണ്ടാകും; അതിനു വിശുദ്ധവഴി എന്നു പേരാകും; ഒരു അശുദ്ധനും അതിലൂടെ കടന്നുപോകയില്ല; അവൻ അവരോടുകൂടെ ഇരിക്കും; വഴിപോക്കർപോലും വഴിതെറ്റിപ്പോകയില്ല" യെശ35:8.

ഏബ്രായ അക്ഷരമാലയുടെ ഉദ്ദേശമെന്തെന്ന് ആദ്യാക്ഷരമായ ആലെഫിൽ തന്നെ ഉൾകൊള്ളിച്ചിരിക്കുന്നു. ആലെഫ് ക്രിയാരൂപത്തിൽ പഠിപ്പിക്കുക, പഠിക്കുക, മരുക്കുക എന്നീ സാരങ്ങൾ ഉൾക്കൊള്ളുന്നതാണ്. ഏതിനെയെങ്കിലും പരിചയപ്പെടുക പൊരുത്തപ്പെടുകയെന്ന ഫലം ഇതിലൂടെ സിദ്ധിക്കുന്നു. ഇയ്യോബിന്റെ സ്നേഹിതനായ എലീഹൂവിന്റെ വാക്കുകൾ ശ്രദ്ധിക്കുക. "നീ എന്റെ വാക്കുകൾ കേൾക്ക; മിണ്ടാതിരിക്ക; ഞാൻ നിനക്കു ജ്ഞാനം ഉപദേശിച്ചുതരാം" ഇയ്യോബ്33:33. മൃഗങ്ങളോട് ഇടപെടണമെങ്കിൽ അവയെ ഇണക്കി വീട്ടുമൃഗമാക്കണം. വീട്ടിൽ വളർത്തുന്ന കാള (എലെഫ്) പ്രാചീന അക്ഷരമാലയിലെ ചിഹ്നമാണ്. ഇത് വലത്തോട്ട് 90 ഡിഗ്രി തിരിച്ചാൽ ലത്തീൻ അഥവാ ഇംഗ്ലീഷിലെ ആദ്യക്ഷരമായ A കിട്ടും അല്ലൂഫ് എന്നാൽ ഗുരു, വഴികാട്ടി, ആയിരങ്ങളെ നയിക്കുന്നവൻ എന്നൊക്കെ അർത്ഥം (യിരെമ്യാവ് 3:4). എന്റെ പിതാവേ, (അവീ) നീ എന്റെ യൗവ്വനത്തിലെ സഖി (അ ല്ലൂഫ്) എന്നു വിളിച്ചുപറകയില്ലയോ ? പിതാവായ ദൈവം ആത്യന്തികമായും എന്റെ വഴികാട്ടിയും ഗുരുവും നേതാവും ആണല്ലോ. ഈ ആശയങ്ങളെല്ലാം സമ്മേളിക്കുമ്പോൾ ആലെഫിന്റെ സ്വഭാവവും പ്രതീകാത്മകസാരവും ദിവ്യ അക്ഷരയുടെ നേതാവായി, ഭരണാധികാരിയായി ആലെഫ്-ചൂണ്ടിക്കാണിക്കുന്ന ദൈവമെന്ന് ബോദ്ധ്യമാകും.

| א | Aleph and God |
|---|---|
| אֱלֹהִים | **Elohim:** God |
| אֵל | **El:** God, Mighty One |
| אֵל שַׁדַּי | **El Shaddai:** God Almighty |
| אֵל עֶלְיוֹן | **El Elyon:** God Most High |
| אֵל עוֹלָם | **El Olam:** Everlasting God |
| אֱלֹהֵי עוֹלָם | **Elohi Olam:** Everlasting God |

അടുത്തലക്കത്തിൽ തുടരും

**എബ്രായ പഠനം സംബന്ധിച്ച സംശയനിവാരണത്തിനായി വിളിക്കേണ്ടിയ നമ്പർ:**
**9995390144** ബ്ര.മാത്യുഫിലിപ്പ്



## ഉണർവ്വിനായി പ്രാർത്ഥന നവംബർ 18 – ന് തിരുവല്ലയിൽ

**പകൽ 9 മണി മുതൽ 3 വരെ ഇവാഞ്ചലിക്കൽ ഹോൾ, കോഴഞ്ചേരി റോഡ്, മഞ്ഞാടി, തിരുവല്ല**

തിരുവല്ല. ആഗോള ആത്മിക ഉണർവ്വിനായി തിരുവല്ലയിൽ 2004 മുതൽ നടത്തപ്പെടുന്ന പ്രാർത്ഥനയുടെ ഈ വർഷത്തെ പ്രാർത്ഥനാ സമ്മേളനം നവംബർ 18 ശനിയാഴ്ച തിരുവല്ലയിൽ നടത്തപ്പെടും. പകൽ 9 മണി മുതൽ 3 മണിവരെ തിരുവല്ല-കോഴഞ്ചേരി റോഡരികിലുള്ള സെന്റ് തോമസ് ഇവാഞ്ചലിക്കൽ സഭയുടെ സെന്റർ ഹാളിലാണ് പ്രാർത്ഥന. ഓപ്പറേഷൻ എക്സോഡസ് ടീമും ഫ്ളെയിം ഓഫ് റിവൈവലും നേതൃത്വം നൽകും.

ആത്മിക ഉണർവ്വിന്റെ വിവിധ വിഷയങ്ങൾ, യെഹൂദാ ജനതയുടെ നടുവിലും യിസ്രായേലിലും സംഭവിച്ചുകൊണ്ടിരിക്കുന്ന സംഭവങ്ങൾ വീഡിയോ-സ്ലൈഡ്സ് മുഖാന്തരം വിവരിച്ചുകൊണ്ടുള്ള പ്രാർത്ഥനയാണിത്.



# ബൈബിൾ ക്വിസ്

പ്രീതി സാജൻ

കഴിഞ്ഞ ലക്കം യെഹെസ്കേൽ

## ഉത്തരങ്ങൾ

| | | |
|---|---|---|
| 1. | ബാലസിംഹം, കടലിലെ നക്രം | 32:2 |
| 2. | ദേവദാരു | 31:3 |
| 3. | വീരന്മാർ | 32:12 |
| 4. | തന്റെ വഴി | 33:11 |
| 5. | ഫറവോനും, ഫറവോന്റെ പുരുഷാരമൊക്കെയും | 32:32 |
| 6. | സേയീർപർവ്വതം | 35:6 |
| 7. | ദുഷ്ടതയാൽ | 33:12 |
| 8. | തീക്ഷണാതാഗ്നിയോടെ | 36:5 |
| 9. | യഹോവയിങ്കൽ നിന്നുണ്ടായ അരുളപ്പാട് ..വന്നുകേൾപ്പിൻ | 33:30 |
| 10. | എന്നെ തന്നെ (കർത്താവിനെതന്നെ) | 35:11 |
| 11. | വൃക്ഷങ്ങളുടെ ഫലവും, നിലത്തിലെ വിളവും | 36:30 |
| 12. | യിസ്രായേൽ പർവ്വതങ്ങളോട് | 36:6 |
| 13. | ചുറ്റിചുറ്റി | 37:2 |
| 14. | കൈ ഉയർത്തി | 36:7 |
| 15. | പ്രവചിച്ചുകൊണ്ടിരിക്കുമ്പോൾ | 37:7 |
| 16. | നിർമ്മലജലം | 36:25 |
| 17. | ഗോഗിനോട് | 38:9 |
| 18. | ഗോഗിനെ | 38:22 |
| 19. | യിസ്രായേൽ ഗൃഹം | 37:11 |
| 20. | ഹാമോൻ ഗോഗ് താഴ്‌വര | 39:11 |
| 21. | ഊനമില്ലാത്ത ഒരു കാളകുട്ടിയെയും ആട്ടുകൊറ്റനെയും | 43:23 |
| 22. | ആലയത്തിൽ നിന്ന് | 43:6 |
| 23. | 7 ദിവസം | 43:25 |
| 24. | കിഴക്കുവഴിയായി | 43:2 |
| 25. | ഉപ്പ് | 43:24 |

### പ്രത്യേക ശ്രദ്ധയ്ക്ക്

2016-17 വർഷത്തെ ബൈബിൾ ക്വിസ്സിൽ പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കേറ്റും പുസ്തകങ്ങളും സെപ്റ്റംബർ 9-ന് തിരുവല്ലയിൽ നടന്ന പ്രോഗ്രാമിൽ നൽകുകയുണ്ടായി. അന്നു കടന്നുവരാൻ സാധിക്കാത്തവർക്ക് തിരുവല്ലയിലെ ഫ്ളെയിമിന്റെ ഓഫീസിൽനിന്നും നേരിട്ട് അവ ലഭിക്കുന്നതാണ്. തപാലിൽ അയക്കുന്നതല്ല.

**ബൈബിൾ ക്വിസ്
വിളിക്കേണ്ടിയ നമ്പർ:
08289816357**

### യെഹെസ്കേൽ അദ്ധ്യായങ്ങൾ: 44-47

1. ഏതൊക്കെ വഴിപാടുകളാണ് പുരോഹിതന്മാർക്കുള്ളത് ?
2. പെസഹപെരുന്നാൾ അചരിക്കേണ്ടത് എപ്പോഴാണ്? എത്രദിവസം ആചരിക്കണം?
3. ഏത് ഗോപുരമാണ് തുറക്കാതെ അടച്ചിടേണ്ടത്?
4. പ്രഭുവിനുവേണ്ടിയുള്ള ഹോമയാഗവും സമാധാനയാഗവും അർപ്പിച്ചതിനുശേഷം ഗോപുരം എത്രസമയം വരെ അടയ്ക്കാതിരിക്കേണം.?
5. ആർക്കൊക്കെയാണ് ദൈവത്തിന്റെ വിശുദ്ധമന്ദിരത്തിൽ പ്രവേശിക്കുവാൻ പാടില്ലാത്തത് ?
6. എത്ര ബത്താണ് ഒരു ഹോമെർ?
7. ലേവ്യാ പുരോഹിതൻ പാപയാഗം അർപ്പിക്കേണ്ടത് എപ്പോഴാണ്?
8. അകത്തെ പ്രാകാരത്തിന്റെ കിഴക്കോട്ടു ദർശനമുള്ള ഗോപുരം തുറന്നിരിക്കേണ്ടത് ഏതൊക്കെ ദിവസങ്ങളിലാണ് ?
9. നദിയുടെ തീരത്ത് ഇക്കരെയും അക്കരെയും എന്തു നിൽക്കുന്നതാണ് പ്രവാചകൻ കണ്ടത് ?
10. ഈ നദി ചെന്നുചേരുന്നിടത്തെല്ലാം സംഭവിക്കുന്നത് എന്തൊക്കെ ? 3 കാര്യങ്ങൾ എഴുതുക.
11. വെള്ളം ഒഴുകിചെന്ന് കടലിൽ വീണിട്ട് അതിലെ വെള്ളം എന്തായിത്തീരുന്നു?

### ദാനിയേൽ അദ്ധ്യായങ്ങൾ: 1,2

12. പത്ത് ദിവസത്തെ പരീക്ഷണത്തിനുശേഷം യഹൂദാബാലന്മാർക്കു വന്ന മാറ്റങ്ങൾ എന്ത്?
13. ദൈവത്തിന്റെ ആലയത്തിലെ പാത്രങ്ങളെ രാജാവ് കൊണ്ടുവെച്ചത് എവിടെയാണ്?
14. ബാബേലിലെ വിദ്വാന്മാരെ കൊന്നുകളയുവാൻ പുറപ്പെട്ടത് ആര്?
15. ഏത് രാജാവിന്റെ വാഴ്ചയുടെ കാലത്താണ് നെബൂഖദ്നേസർ യെരൂശലേമിനെ നിരോധിച്ചത്?
16. യിസ്രായേൽ മക്കളുടെ കൂട്ടത്തിൽ ഉണ്ടായിരുന്ന നാല് ബാലന്മാരുടെ ശരിയായുള്ള പേരുകൾ എന്തൊക്കെയാണ്?
17. കോരശ് രാജാവിന്റെ ഒന്നാം ആണ്ടുവരെ ജീവിച്ചിരുന്നത് ആര്?
18. അബേദ്-നെഗോ എന്ന പേര് ഷണ്ഡാധിപൻ ആർക്കു നൽകിയതാണ്?
19. രഹസ്യങ്ങളെ വെളിപ്പെടുത്തുന്ന ദൈവം എവിടെയുണ്ട്?
20. ദൈവനാമം എപ്പോഴൊക്കെയാണ് സ്തുതിക്കപ്പെടേണ്ടത്?
21. കൈതൊടാതെ ഒരു കല്ല് എവിടെനിന്നും പാഞ്ഞുവന്ന് ബിംബത്തെ തകർത്തുകളഞ്ഞു.?
22. ദാനിയേലിനു രാത്രി ദർശനത്തിൽ വെളിപ്പെട്ടത് എന്ത്?
23. ദാനിയേൽ പാർത്തത് എവിടെയാണ്?
24. രാജാവ്, കാലും കാൽവിരലും പകുതി കളിമണ്ണും പകുതി ഇരുമ്പുംകൊണ്ടുള്ളതായി കണ്ടതിന്റെ അർത്ഥം എന്ത്?
25. ആരാണ് ദാനിയേലിനെ രാജാവിന്റെ സന്നിധിയിൽ കൊണ്ടുചെന്നത്?

### വിജയികൾ

തെരഞ്ഞെടുക്കപ്പെട്ട 6 പേരുടെ പേരുകൾ

Bible Quiz
**ആഗസ്റ്റ് 2017**

**ഡേവിഡ്. കെ. കോശി**
പെനിയേൽ
എ.ജി നഗർ
കൊല്ലം

**മോളിക്കുട്ടി ജോൺ**
എവരിഹോംക്രൂസേഡ്
ചാലുകുന്ന്
കോട്ടയം

**ശോഭനദാസ്**
പൂമാത്തിവിള
കുന്നന്താനംപി.ഒ
തിരുവല്ല

**ഷീജാ അജിത്**
പെപ്പാത്തിയിൽ
എസ്.മാരടി.പി.ഒ
മൂവാറ്റുപുഴ

**രമണി മറിയ**
ബഥേൽ ആശ്രമം
കുറ്റപ്പുഴ.പി.ഒ
തിരുവല്ല

**അന്നമ്മഏബ്രഹാം**
വടക്കത്തറ
പുല്ലാട്.പി.ഒ
തിരുവല്ല

**മലയാളം സ്റ്റഡി ബൈബിൾ**

**തുടർച്ചയായി ശരിയുത്തരം അയക്കുന്നവരിൽ തെരഞ്ഞെടുക്കപ്പെടുന്ന ആറു പേർക്ക് മലയാളം സ്റ്റഡി ബൈബിൾ സമ്മാനമായി ലഭിക്കുന്നതാണ്.**

### ഉത്തരം അയക്കുമ്പോൾ ശ്രദ്ധിക്കുക

ഉത്തരം വേറെ കടലാസ്സിൽ എഴുതി കവറിലോ ഇൻലന്റിൽ എഴുതിയോ അയക്കാവുന്നതാണ്. ദയവായി ഉത്തരം എഴുതിയ പേപ്പർ ഇൻലന്റിനുള്ളിൽ വെച്ച് അയക്കരുത്

നമ്പർ എഴുതിയിട്ട് ഉത്തരം മാത്രം എഴുതുക. ചോദ്യം എഴുതേണ്ടതില്ല.

ഉത്തരത്തോടൊപ്പം ബൈബിൾ വാക്യം ഏതാണെന്നും കാണിച്ചിരിക്കണം.

വിലാസം,ഫോൺ,മൊബൈൽ നമ്പരുകൾ ഉത്തരം അയക്കുന്ന പേപ്പറിൽ വ്യക്തമായി എഴുതിയിരിക്കണം.

കവറിലും മേൽവിലാസം വ്യക്തമായി എഴുതി അയക്കണം.

ഉത്തരങ്ങൾ 2017 **ഒക്ടോബർ 15 – നു മുമ്പ്** അയച്ചു തരിക.

**അയക്കേണ്ട വിലാസം:**

**Flame of Revival,
PB.21, Kuttapuzha.PO,
Tiruvalla 689 103
Kerala State**

ഇവിടെ നിന്നും സമ്മാനമായി അയക്കുന്ന പുസ്തകങ്ങൾ തിരികെ വരാതിരിക്കുവാൻ ശരിയായ മേൽവിലാസം ദയവായി അയക്കുക. കവറിലും പേപ്പറിലും വിലാസം എഴുതുക

## കേരളത്തിലും ബംഗാളിലും തമിഴ്നാട്ടിലും ഉത്തർപ്രദേശിലും സുവിശേഷ പ്രവർത്തനങ്ങൾ

കേരളം,ബംഗാൾ,തമിഴ്നാട്,ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ സുവിശേഷ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുവാൻ കർത്താവ് നമ്മെ സഹായിക്കുന്നു. ഈ ശുശ്രൂഷയ്ക്ക് ദൈവമക്കളുടെ വിലയേറിയ പ്രാർത്ഥനയും സാമ്പത്തിക സഹായവും ആവശ്യമാണ്.

### നമ്മുടെ മിഷൻ ഫീൽഡുകൾക്കായി പ്രാർത്ഥിക്കുക




## ദൈവമക്കളുടെ പ്രത്യേക ശ്രദ്ധയ്ക്ക്


ഫ്ളെയിം ഓഫ് റിവൈവലിന്റെ പ്രസിദ്ധീകരണത്തിനുവേണ്ടി പ്രിന്റിംഗ്, പോസ്റ്റിംഗ് കാര്യങ്ങൾക്കായി എല്ലാ മാസവും സാമ്പത്തികചെലവുകൾ വർദ്ധിക്കുന്നു. വായനക്കാരായ ദൈവമക്കൾ വാർഷിക വരിസംഖ്യകളും സംഭാവനകളും അയച്ചു തരുന്നത് പത്രത്തിന്റെ പ്രസിദ്ധീകരണത്തിന് ഏറെ സഹായകമാകും. വരിസംഖ്യയോ സംഭാവനകളോ മണി ഓർഡറായി അയക്കുകയാണെങ്കിൽ **ഫ്ളെയിം ഓഫ് റിവൈവൽ, പി,ബി.നമ്പർ 21, കുറ്റപ്പുഴ.പി.ഒ, തിരുവല്ല 689103** എന്ന വിലാസത്തിൽ അയക്കുക. ബാങ്കിലേക്ക് നെഫ്റ്റ്/ആർ.ടി.ജി.എസ് വഴി നേരിട്ടയക്കുന്നതിനായി വിവരങ്ങൾ ഇതോടൊപ്പം നൽകിയിട്ടുണ്ട്. ദൈവമക്കളുടെ വിലയേറിയ സഹകരണം പ്രതീക്ഷിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് **9447472692, 9400268723, 9447104670, 9446115977**

### സംഭാവന ബാങ്കുവഴി അയക്കുകയോ ചെക്കായി അയക്കുകയോ ചെയ്യുമ്പോൾ

അയക്കേണ്ടതായ പേര്: CROWN OF LIFE MINISTRIES
ബാങ്ക്: STATE BANK OF INDIA- (S.B.I)
ബ്രാഞ്ച്: KUTTAPUZHA സ്ഥലം: THIRUVALLA
അക്കൗണ്ട് നമ്പർ: 67083936228 (CURRENT ACCOUNT)
ഇന്റർനെറ്റ് വഴി അയക്കുമ്പോൾ: IFSC Code: SBIN0070309



# ഭക്തസിംഗ്

**ക്രിസ്തുവിനേയും ക്രിസ്ത്യാനിയേയും വെറുത്തയാൾ ഒടുവിൽ ക്രിസ്ത്യാനിയായി**

## പഞ്ചാബിൽനിന്നും ഒരു മിഷനറി ജീവചരിത്രം കൂടി

ദൈവരാജ്യശുശ്രൂഷയ്ക്കായി തന്നെത്തന്നെ ദൈവകരങ്ങളിൽ സമർപ്പിച്ചുകൊണ്ട് മുന്നേറിയ ഭക്തസിംഗിനുവേണ്ടി സർവ്വശക്തനായ ദൈവം പുത്തൻ വഴികൾ തുറന്നുകൊണ്ടിരുന്നു. ദൈവവചനം സകലജനവും കേൾക്കണമെന്നുള്ള തന്റെ ആഗ്രഹം നിവർത്തീകരിക്കുന്നതിനായുള്ള സാഹചര്യങ്ങൾ ആ യുവസുവിശേഷകനായി കർത്താവ് ഒരുക്കി നൽകി. പഞ്ചാബിലെ മഹായോഗമായ സിയാൽകോട്ടു കൺവൻഷനിൽ പ്രസംഗിക്കുവാനായി. ഭക്തസിംഗിന് അവസരം ലഭിച്ചതു തന്നെ വലിയൊരു ദൈവപ്രവൃത്തിയായിരുന്നു. മെഥഡിസ്റ്റ് സഭയുടെ ബിഷപ്പും സിയാൽക്കോട്ട് കൺവൻഷനിലെ മുഖ്യപ്രസംഗകനുമായിരുന്ന ബ്രാഡ്‌ലിയുമായുള്ള സിംഗിന്റെ കൂടിക്കാഴ്ചയാണ് സിയാൽക്കോട്ട് കൺവൻഷനിൽ തനിക്ക് പ്രസംഗിക്കുവാനുള്ള വഴിയൊരുക്കിയത്. സിയാൽക്കോട്ട് മാത്രമല്ല മറ്റ് ഒട്ടനവധി ഇടങ്ങളിൽ ബിഷപ്പ് ബ്രാഡ്‌ലി മുഖാന്തരം ഭക്തസിംഗ് യേശുക്രിസ്തുവിന്റെ സാക്ഷിയായി. പഞ്ചാബിന്റെ മിക്ക സ്ഥലങ്ങളിലും തന്നെ വീണ്ടെടുത്ത നിത്യസ്നേഹത്തെക്കുറിച്ച് മാറ്റമില്ലാത്ത ദൈവവചനത്തിന്റെ നിർമ്മല സത്യങ്ങൾ വിളിച്ചറിയിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഓരോ സ്ഥലത്തും ഘോഷിക്കപ്പെട്ട ദൈവവചനം ശ്രോതാക്കളുടെ ഹൃദയത്തെ പിതാവായ ദൈവം തന്റെ ഏകജാതനിലൂടെ പകരപ്പെട്ട ദിവ്യസ്നേഹത്തിലേക്ക് ആകർഷിച്ചുകൊണ്ടിരുന്നു. ഒരു സ്ഥലത്തെ ശുശ്രൂഷ അവസാനിക്കുമ്പോൾ തന്നെ അടുത്തസ്ഥലം തനിക്കായി ഒരുക്കപ്പെടുവാൻ തുടങ്ങി. ഒരിക്കൽപ്പോലും തന്നെ ഉയർത്തികാണിക്കുവാൻ അദ്ദേഹം തുനിഞ്ഞില്ല. തന്നെ താനാക്കിയ ക്രിസ്തുവിന്റെ സ്നേഹം അതായിരുന്നു തന്റെ സന്ദേശം.

ബിഷപ്പ് ബ്രാഡ്‌ലിയിലൂടെ കറാച്ചിയിൽ സുവിശേഷഘോഷണത്തിനായുള്ള വഴി തുറക്കപ്പെട്ടു. കാദേശ് മരുക്കളെ നടുക്കുന്ന യഹോവയുടെ ശബ്ദമായി മാറ്റമില്ലാത്ത ദൈവവചനം കറാച്ചിയിൽ ശക്തമായി ഭക്തസിംഗിലൂടെ ഘോഷിക്കപ്പെട്ടു. അവിടെയും ജനങ്ങൾ ദൈവവചനം ആവേശത്തോടെ ഏറ്റെടുത്തു.

> ഐക്യമെഥഡിസ്റ്റ് സഭയുടെ ഇന്ത്യയിലെ ശുശ്രൂഷകനായിരുന്ന റവ.ഷബാസിനെ കാണുവാനായി ഭക്തസിംഗ് കടന്നുചെന്നു. ഒരു ശനിയാഴ്ച ദിവസമായിരുന്നു അത്. പനിപിടിച്ച് അവശനായി കിടക്കുന്ന റവ. ഷവാസ് ഭക്തസിംഗിനെ കണ്ട് സന്തോഷിച്ചു. കാരണം അയ്യായിരം പേർ ആരാധനയ്ക്കു കൂടിവരുന്ന തന്റെ സഭയിൽ അടുത്തദിവസത്തെ ആരാധനയിൽ ദൈവവചനം ശുശ്രൂഷിക്കുന്നതിൽ തന്നെ സഹായിക്കുവാൻ ഭക്തസിംഗിനെ കർത്താവ് കൂട്ടികൊണ്ടുവന്നതാണെന്നു അദ്ദേഹം പറഞ്ഞു.


കറാച്ചിയിലെ ജനങ്ങൾ

പ്രാർത്ഥനായോഗങ്ങൾ ചെറുതും വലുതും ഒന്നിനെപുറകെ ഒന്നായി ദൈവം തനിക്കായി ഒരുക്കി. നിരന്തരമായി യോഗങ്ങൾക്കു നടുവിലും ദൈവസന്നിധിയിൽ ഇരിക്കുവാനും ദൈവത്തിൽനിന്നു ശ്രവിക്കുവാനും അദ്ദേഹം സമയം കണ്ടെത്തിയിരുന്നു. ദൈവവുമായുള്ള ഈ സംസർഗ്ഗം ഓരോ യോഗങ്ങളിലും പുതുപുത്തൻ സന്ദേശങ്ങൾ നൽകുന്നതിന് ഇടയാക്കി. നീണ്ട ഏഴു വർഷത്തോളം സുവിശേഷവുമായി അദ്ദേഹം കറാച്ചിയിൽ മുന്നേറി. തന്നിൽ പകരപ്പെട്ട ദിവ്യ ജ്വാല വ്യക്തിജീവിതങ്ങളിൽ അഗ്നിപ്രവാഹങ്ങളായി മാറി. പാപപങ്കിലമാർന്ന ജീവിതം നയിച്ച പലരും പാപങ്ങൾ ഏറ്റുപറഞ്ഞു. സമൂഹത്തിന്റെ വിവിധ തുറകളിലുള്ളവർ സുവിശേഷത്താൽ പിടിക്കപ്പെട്ടു. അതിൽ ദരിദ്രനും സമ്പന്നനും പണ്ഡിതനും പാമരനും എന്നൊന്നും വ്യത്യാസം ഉണ്ടായിരുന്നില്ല. മാനവജാതിക്കായുള്ള ക്രിസ്തുവിന്റെ സുവിശേഷം പാപിയായ മനുഷ്യനെ സ്വർഗത്തിലേക്ക് എത്തിക്കുന്ന ഏകവഴിയാണെന്ന് അദ്ദേഹം എല്ലായിടത്തും ഒട്ടും സങ്കോചമില്ലാതെ വിളിച്ചുപറഞ്ഞപ്പോൾ താൻ പറഞ്ഞ ആ സുവിശേഷത്തിനു താൻ തന്നെ ഒരു സാക്ഷ്യമായി അവരുടെ മുമ്പിൽ നിന്നു.

കറാച്ചി മെഥഡിസ്റ്റ് സഭാ സൂപ്രണ്ടായിരുന്ന വിദേശ മിഷനറി മിസ്റ്റർ ഗ്രേയെ ബിഷപ്പ് ബ്രാഡ്‌ലി പറഞ്ഞ പ്രകാരം ഭക്തസിംഗ് സന്ദർശിച്ചു. അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം ഐക്യമെഥഡിസ്റ്റ് സഭയുടെ ഇന്ത്യയിലെ ശുശ്രൂഷകനായിരുന്ന റവ.ഷബാസിനെ കാണുവാനായി ഭക്തസിംഗ് കടന്നുചെന്നു. ഒരു ശനിയാഴ്ച ദിവസമായിരുന്നു അത്. പനിപിടിച്ച് അവശനായി കിടക്കുന്ന റവ. ഷവാസ് ഭക്തസിംഗിനെ കണ്ട് സന്തോഷിച്ചു. കാരണം അയ്യായിരം പേർ ആരാധനയ്ക്കു കൂടിവരുന്ന തന്റെ സഭയിൽ അടുത്തദിവസത്തെ ആരാധനയിൽ ദൈവവചനം ശുശ്രൂഷിക്കുന്നതിൽ തന്നെ സഹായിക്കുവാൻ ഭക്തസിംഗിനെ കർത്താവ് കൂട്ടികൊണ്ടുവന്നതാണെന്നു അദ്ദേഹം പറഞ്ഞു. ഇന്ത്യക്കാരായ 5000 തൂപ്പുജോലിക്കാരുടെ സഭയായിരുന്നു അത്. സഭാജനങ്ങളിൽ ഭൂരിഭാഗം മദ്യപാനികളും, ചൂതാട്ടക്കാരുമായിരുന്നു. ദൈവവചനത്തിന്റെ പരിജ്ഞാനം കുറവായിരുന്ന അവരുടെ സഭയിൽ രണ്ടു ഞായറാഴ്ചകളിൽ ഭക്തസിംഗ് ദൈവവചനം ശുശ്രൂഷിച്ചു. താഴ്ന്ന ജാതിവിഭാഗക്കാരായ പഞ്ചാബികളായ തൂപ്പുവേലക്കാർക്കുവേണ്ടി ഭക്തസിംഗ് പ്രത്യേകം പ്രവർത്തനം ആരംഭിച്ചു. അവർ പാർക്കുന്ന ചേരിപ്രദേശങ്ങളിൽ കടന്നുപോയി. തെരുക്കോണുകളിൽ പ്രസംഗിച്ചു.

കറാച്ചിയിൽ തന്റെ സഹോദരി പാർക്കുന്ന ഭവനവും ഭക്തസിംഗ് സന്ദർശിക്കയുണ്ടായി. ആദ്യ സമയങ്ങളിൽ സ്വന്തം സഹോദരിയോടൊപ്പം അദ്ദേഹം താമസിച്ചു. എന്നാൽ ഭക്തസിംഗ് തെരുവുകളിൽ നിന്ന് സുവിശേഷം പ്രസംഗിക്കുന്നതും സമൂഹത്തിന്റെ താഴേക്കിടയിലുള്ളവരുടെ മധ്യേ പ്രവർത്തിക്കുന്നുവെന്നതും സഹോദരി അറിഞ്ഞപ്പോൾ അവർക്ക് തീരെ ഇഷ്ടപ്പെട്ടില്ല. വേഗത്തിൽ കറാച്ചിയിൽ എത്തുന്നതിന് പിതാവിനോട് ആവശ്യപ്പെട്ടുകൊണ്ട് അവർ കത്തെഴുതി. വിവരമറിഞ്ഞ് പിതാവ് മാതാവുമായി അവിടേക്കെത്തി. എന്നാൽ തന്റെ മകൻ ക്രിസ്തേശുവിനെ ഒരിക്കലും പരിത്യജിക്കാതെ ഉറച്ചു നിൽക്കുന്നത് കണ്ടപ്പോൾ വീണ്ടും അവരെ ദു:ഖിതരാക്കി. ബോംബെയിലെ വേർപ്പാടിനു ശേഷം ഒരിക്കൽകൂടി തന്റെ മകനുമായുള്ള വേർപ്പാട് താൻ അറിഞ്ഞ ക്രിസ്തുവിന്റെ സുവിശേഷം അത്രമാത്രം ആഴമേറിയതായിരുന്നുവെന്നത് ആത്മാന്ധതയിൽ കഴിഞ്ഞിരുന്ന ആ മാതാപിതാക്കൾക്ക് മനസിലാക്കുവാൻ സാധിച്ചില്ല.

അടുത്ത ലക്കത്തിൽ


**സുവിശേഷപ്രവർത്തനങ്ങൾ**

# News വാർത്തകൾ



## യേശുക്രിസ്തു വേഗം വരുന്നു !

“ആകയാൽ ഇളകാത്ത രാജ്യം പ്രാപിക്കുന്നതുകൊണ്ടു നാം നന്ദിയുള്ളവരായി ദൈവത്തിനു പ്രസാദം വരുമാറു ഭക്തിയോടും ഭയത്തോടുംകൂടെ സേവ ചെയ്ക”
എബ്രായർ 12:28




# 557 ദിവസത്തെ തടവറ വാസത്തിനുശേഷം

# ഫാ.ടോം ഉഴുന്നാലിൽ



ഫാദർ ടോം റോമിലെത്തി മാർപാപ്പയോടൊപ്പം

- മാറിഉടുക്കുവാൻ വസ്ത്രങ്ങൾ ലഭിക്കാതെ ഒന്നരവർഷം തടവറയിൽ
- ഉള്ളിലുള്ള ദൈവവചനവും ധ്യാനിച്ച് പ്രാർത്ഥനാനിരതനായി ഒന്നരവർഷം
- കണ്ണു മൂടിക്കെട്ടിക്കൊണ്ട് മൂന്നു പ്രാവശ്യം തടവറമാറ്റി
- എല്ലാറ്റിന്നും ദൈവത്തിനു നന്ദി അർപ്പിച്ചുകൊണ്ട് ഫാദർ ടോം



ഫാദർ ടോം മോചിതനായി പുറത്തോട്ട് വന്നപ്പോൾ

വത്തിക്കാൻസിറ്റി. എല്ലാറ്റിനും സർവ്വശക്തനായ ദൈവത്തിനു നന്ദി അർപ്പിക്കുകയാണ് ഫാദർ ടോം ഉഴുന്നാലിൽ. ദൈവം ഒടുവിൽ വിളികേട്ടു ലോകമെങ്ങും തന്റെ മോചനത്തിനായി പ്രാർത്ഥിച്ച ദൈവക്കൾക്കും തന്റെ മോചനത്തിനായി യത്നിച്ച ഏവർക്കും അദ്ദേഹം നന്ദി പറയുകയാണ്. ഓരോരുത്തരെക്കുറിച്ചും ദൈവത്തിനു ഓരോ പദ്ധതികളുണ്ടെന്നും തന്റെ ജീവിതത്തിൽ സംഭവിച്ചത് അതിലൊരു ഭാഗമായിരുന്നെന്നും അദ്ദേഹം പറഞ്ഞു.

ഒന്നരവർഷവും ഒരേവസ്ത്രം ധരിച്ചു കഴിയേണ്ടിവന്ന ഫാദർ ടോം ഉഴുന്നാലിന് പ്രമേഹത്തിനുള്ള മരുന്നു ഭീകരർ നൽകിയിരുന്നു. ശാരീരികമായി മറ്റുപീഢനമോ മോശമായ പെരുമാറ്റമോ തട്ടിക്കൊണ്ടുപോയവർ തന്നോട് ചെയ്തിട്ടില്ലെന്ന് ഫാദർ ടോം പറഞ്ഞു. കണ്ണുമൂടിക്കെട്ടിക്കൊണ്ട് രണ്ടോ മൂന്നോ തവണ തന്നെ സ്ഥലം മാറ്റുകയുണ്ടായെന്നും അദ്ദേഹം പറഞ്ഞു. തടവറയിൽ പ്രാർത്ഥനയ്ക്കായി വളരെ സമയം ചിലവഴിപ്പാൻ തനിക്ക് കഴിഞ്ഞതിനാൽ ഒരിക്കലും കൊല്ലപ്പെടുമെന്ന ഭീതി തന്നെ അലട്ടിയിരുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. ഇപ്പോൾ വളരെ സന്തോഷം തന്റെ മുഖത്ത് പ്രകടമാണ്.

യെമനിൽ ഏദനിലെ മിഷനറീസ് ഓഫ് ചാരിറ്റിയുടെ വൃദ്ധസദനത്തിൽ നിന്നും ഭീകരർ തട്ടികൊണ്ടുപോയ മലയാളിയായ പുരോഹിതൻ ടോം ഉഴുന്നാലിൽ 557 ദിവസത്തെ തടവറ വാസത്തിനുശേഷമാണ് മോചിതനായത്. 2016 മാർച്ച് നാലിനായിരുന്നു വൃദ്ധസദനത്തിൽ ഇരച്ചെത്തിയ ഭീകരർ അക്രമണം നടത്തി അദ്ദേഹത്തെ തട്ടിക്കൊണ്ടുപോയത്. പാലാ രാമപുരം സ്വദേശിയായ അദ്ദേഹത്തിന്റെ മോചനത്തിനായി സർക്കാരും കത്തോലിക്കാസഭയും കഴിഞ്ഞ 18 മാസമായി ശ്രമിച്ചുവരികയായിരുന്നു. ഇപ്പോൾ വത്തിക്കാന്റെ അഭ്യർത്ഥന പ്രകാരം ഒമാൻ സർക്കാർ ഇടപെട്ടാണ് മോചനം സാധ്യമാക്കിയത്. “ദൈവത്തിന് നന്ദി” പുറത്തിറങ്ങിയപ്പോൾ അദ്ദേഹത്തിനു പറയാനുണ്ടായിരുന്ന പ്രധാന വാക്കുകൾ ഇതായിരുന്നു.

അഭ്യന്തരയുദ്ധം കലുഷിതമായിരുന്ന യെമനിലേക്ക് സ്വന്തം ആഗ്രഹപ്രകാരമാണ് ഫാ.ടോം കടന്നുപോയത്. വിദേശീയർക്ക് ഭീഷണി ഉള്ളതിനാൽ കൂടെയുണ്ടായിരുന്ന മറ്റ് വൈദികർ തിരികെ മടങ്ങുകയുണ്ടായി. എന്നാൽ യുദ്ധം ആരംഭിച്ചവേളയിൽ ഐക്യരാഷ്ട്രസംഘടനാ പ്രതിനിധിയായി അദ്ദേഹം തലസ്ഥാനമായ സനായിലേക്ക് കടന്നുചെന്നു. ഒരു മാസത്തിനുശേഷമാണ് ഏഡനിലെത്തിയത്. 80 പേർ താമസിക്കുന്ന വൃദ്ധസദനത്തിന്റെ ചുമതല അദ്ദേഹഏറ്റെടുത്തു. എട്ടു വർഷത്തോളമായി യെമനിൽ മിഷനറിപ്രവർത്തനം നടത്തിവരികയായിരുന്ന അദ്ദേഹം രണ്ടു വർഷം മുൻപ് കേരളത്തിൽ എത്തിയിരുന്നു. ആ സമയത്ത് യെമനിൽ യുദ്ധം കൊടുമ്പിരികൊണ്ടിരുന്നു. എന്നാൽ സ്വജീവൻ തൃണവൽഗണിച്ചുകൊണ്ട് നിരാശ്രയരായിരുന്ന ജനങ്ങളുടെ സേവനത്തിനായി തിരികെ യെമനിലേക്കു പോവുകയായിരുന്നു.

## ഇതു പ്രാർത്ഥനയുടെ ഫലം

ഒരു ഭാഗത്ത് ഗവൺമന്റിന്റെയും കത്തോലിക്കാ സഭയുടെയും പരിശ്രമങ്ങൾ ഫാ.ടോം ഉഴുന്നാലിന്റെ മോചനത്തിനായി നടന്നുവരുമ്പോഴും അദ്ദേഹത്തിന്റെ മോചനത്തിനായി സഭാ-സംഘടനാഭേദമെന്യേ ദൈവജനം പ്രാർത്ഥിക്കുകയായിരുന്നു. ദൈവത്തിനു നന്ദി പറഞ്ഞു പുറത്തേക്കുവന്ന ഫാ. ഉഴുന്നാലും ഉഴുന്നാലിന്റെ മോചനവാർത്തകേട്ട് ദൈവത്തിനു നന്ദിപറഞ്ഞവരും ഒത്തുചേർന്നപ്പോൾ മോചനത്തിനുവേണ്ടിയുള്ള സർവ്വശക്തന്റെ ഇടപെടൽ ഏവരും സമ്മതിക്കയായിരുന്നു.

## ക്രിസ്തുവിനുവേണ്ടി ജീവിക്കണം

ഏഡനിലെ വൃദ്ധസദനത്തിൽ ഭീകരാക്രമണം നടക്കുന്നതിന്റെ തലേ ദിവസത്തെ അനുഭവം ഫാദർ ടോം വിവരിക്കയുണ്ടായി. യെമനിൽ അഭ്യന്തരയുദ്ധം വർദ്ധിക്കുന്നത് സ്ഥാപനത്തിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് ഏറെ ബുദ്ധിമുട്ട് സൃഷ്ടിക്കുകയാണെന്നും ഇതിലും നല്ലത് ക്രിസ്തുവിനുവേണ്ടി രക്തസാക്ഷിത്വം വരിക്കുന്നതാണെന്നും ഡയറക്ടർ പറഞ്ഞപ്പോൾ എന്നാൽ തനിക്ക് ക്രിസ്തുവിനുവേണ്ടി ജീവിക്കണം എന്നായിരുന്നു വൃദ്ധസദനത്തിലുണ്ടായിരുന്ന ഏറ്റവും പ്രായംകുറഞ്ഞ അംഗത്തിന്റെ പ്രതികരണം. തൊട്ടടുത്ത ദിവസം ഭീകരാക്രമണം നടന്നപ്പോൾ ഇപ്രകാരം പ്രതികരിച്ചയാൾ അത്ഭുതകരമായി രക്ഷപ്പെടുകയുണ്ടായെന്ന് ഫാദർ ടോം പറഞ്ഞു. ആറ് ഇത്യോപ്യക്കാർ, ആറ് യെമൻകാർ എന്നിവരെ ഭീകരർ വധിക്കയുണ്ടായി. യെമനിൽ 2015 മുതൽ മാർച്ച് 2017 വരെമാത്രം 16,200 പേരാണ് കൊല്ലപ്പെട്ടത്. ഇവരിൽ 10,000പേർ സാധാരണക്കാരായിരുന്നു.

NOVEMBER 18 DAY OF PRAYER

# നവംബർ 18

## പ്രാർത്ഥനാദിനം



Prayer for Revival

### രാവിലെ 9 മുതൽ 3 വരെ ഇവാഞ്ചലിക്കൽ സെന്റർ ഹാൾ, മഞ്ഞാടി, തിരുവല്ല

തിരുവല്ല. 2004 മുതൽ തിരുവല്ലയിൽ നടത്തപ്പെടുന്ന ആഗോളആത്മിക ഉണർവ്വിനായുള്ള പ്രാർത്ഥനയുടെ ഈ വർഷത്തെ സമ്മേളനം 2017 നവംബർ 18-ന് തിരുവല്ല മഞ്ഞാടിയിലുള്ള ഇവാഞ്ചലിക്കൽ സഭാ സെന്റർ ഹോളിൽ രാവിലെ 9 മുതൽ 3 വരെ നടത്തപ്പെടും. ആഗോള ആത്മിക ഉണർവ്വുമായി ബന്ധപ്പെട്ട വിഷയങ്ങൾ, കർത്താവിന്റെ വരവിനോടനുബന്ധിച്ച് യിസ്രായേലുമായി ബന്ധപ്പെട്ടു സംഭവിച്ചുകൊണ്ടിരിക്കുന്ന സംഭവങ്ങൾ വീഡിയോ/ സ്ലൈഡ്സ് ഷോയിലൂടെ അവതരിപ്പിച്ചുകൊണ്ടുള്ള പ്രാർത്ഥനയാണ്. പ്രാർത്ഥനയ്ക്ക് ഓപ്പറേഷൻ എക്സോഡസ് ടീമും ഫ്ളെയിം ഓഫ് റിവൈവലും നേതൃത്വം നൽകും.

കൂടുതൽ വിവരങ്ങൾക്ക് : **0469 2741694, 9447104670, 9446115977, 9447105072**

“സൈന്യത്താലല്ല; ശക്തിയാലുമല്ല, എന്റെ ആത്മാവിനാലത്രേ എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു”.സെഖര്യാവ് 4:6